സത്യം മിനിസ്ട്രീസ്

# ജീവവചനം

അക്ഷരത്തിലൂടെ ആത്മാക്കൾ ◆ ദ്വൈവാരിക ◆

23 Years in Literature Ministry

❖ 14 നവംബർ 2011 ❖ പുസ്തകം 19 ❖ ലക്കം 21 ❖ ₹ 2.00

## കുമ്പനാട് കൺവൻഷൻ ഒരുക്കങ്ങൾ ആരംഭിച്ചു

**തിരുവല്ല:** 109-ാമത് കുമ്പനാട് ബ്രദറൺ ജനറൽ കൺവൻഷന്റെ ഒരുക്കങ്ങൾ ആരംഭിച്ചു. കുമ്പനാടും പരിസരപ്രദേശത്തുമുള്ള ബ്രദൺ സഭകളുടെ സംയുക്താഭിമുഖ്യത്തിൽ നടത്തപ്പെടുന്ന കൺവൻഷനാണിത്. ബ്രദർ പി.ഇ. സാംകുട്ടി കൺവീനറായുള്ള വിപുലമായ കമ്മിറ്റി കൺവൻഷന്റെ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകുന്നു. ഡിസംബർ 25 മുതൽ ജനുവരി 1 വരെയാണ് കൺവൻഷൻ നടക്കുന്നത്.

സുവി. എം.എം. സഖറിയ (കോട്ടയം), ഡോ. ഒ.എം. സാമുവേൽ (മാവേലിക്കര), സുവി. ജോസ് മാത്യു (മംഗലാപുരം), സുവി. ചാണ്ടപ്പിള്ള ഫിലിപ്പ് (കോട്ടയം), സുവി. വർഗ്ഗീസ് കുര്യൻ (പാമ്പാടി), സുവി. ജോൺ പി. തോമസ് (എറണാകുളം), സുവി. സാമുവേൽ ബി. തോമസ് (യു.പി.), സുവി. റ്റി. ജി. ബെന്നി (ബാംഗ്ലൂർ) എന്നീ ദൈവദാസന്മാർ മുഖ്യപ്രഭാഷണം നടത്തും. കൺവൻഷനോടനുബന്ധിച്ച് സഭാപരിപാലകരുടെ പ്രത്യേക സമ്മേളനവും കുട്ടികളുടെയും യുവാക്കളുടെയും സെക്ഷനുകൾ, സഹോദരിമാരുടെ പ്രത്യേക സമ്മേളനം എന്നിവയും നടത്തപ്പെടും. ദൈവമക്കളുടെ പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിക്കുന്നു.

## ‘ദിശ’ മലബാറിൽ

**കോഴിക്കോട്:** ദൃശ്യ, ശ്രവ്യ മാധ്യമങ്ങളിലൂടെ സുവിശേഷം അറിയിക്കുക എന്ന ലക്ഷ്യത്തോടെ നടത്തുന്ന ഗോസ്പൽ എക്സിബിഷൻ ‘ദിശ’ നവംബർ 26 മുതൽ 30 വരെ കോഴിക്കോട് മറൈൻ ഗ്രൗണ്ടിൽ നടത്തപ്പെടും.

മലബാറിന്റെ തലസ്ഥാന നഗരമെന്നറിയപ്പെടുന്ന കോഴിക്കോടിന്റെ ആത്മിക ചരിത്രത്തിൽ ഒരു നാഴികക്കല്ലായി മാറുകയാണ് ദിശ 2011 മൾട്ടിമീഡിയ എക്സിബിഷൻ. അനുദിനം വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങൾ, മയക്കുമരുന്നുപയോഗത്തിന്റെ ആധിക്യം, അസന്മാർഗ്ഗികത, തീവ്രവാദം... എന്നിവക്കെതിരായ ആത്മീയ ചുവടു വെപ്പാണ് ദിശ 2011

സുവിശേഷത്തിന്റെ വ്യാപ്തിക്കായി! പുതിയ ദർശനത്തോടെ! പുതിയ തലത്തിൽ! പുതിയ സാധ്യതകൾ ഉപയോഗിച്ച്...! ശാസ്ത്രം, യുക്തി, ചരിത്രം, ബൈബിൾ, പാപം, രക്ഷ, വേദപുസ്തകം പ്രതിവാദിക്കുന്ന ദൈവം, ക്രിസ്തുവിലുള്ള നിത്യജീവൻ, ക്രൈസ്തവ സമൂഹം ലോകത്തിനു നൽകിയ സംഭാവനകൾ എന്നീ വിഷയങ്ങൾ ദൃശ്യ, ശ്രവ്യ മാദ്ധ്യമങ്ങളിലൂടെ അവതരിപ്പിക്കപ്പെടുന്നു.

## ബഹറിൻ ഫാമിലി കോൺഫ്രൻസ് സമാപിച്ചു

**ബഹറിൻ:** സി.ഇ.എഫിന്റെ ആഭിമുഖ്യത്തിൽ ഫാമിലി കോൺഫ്രൻസ് ഒക്ടോബർ 24 മുതൽ 27 വരെ നടത്തപ്പെട്ടു. ഗൾഫ് മേഖലകളിലെ നിരവധി പ്രാദേശിക ബ്രദറൺ സഭകളുടെ സഹകരണത്തോടെ നടത്തപ്പെട്ട കോൺഫ്രൻസിൽ ഡോ. ഡേവിഡ് മാർട്ടിൻ (യു.എസ്.എ.) മുഖ്യ പ്രഭാഷകനായിരുന്നു. ഇതോടനുബന്ധിച്ച് വി.ബി.എസ്, യുവജന സംഗമം എന്നിവയും നടത്തപ്പെട്ടു. 29-ാമത് വി.ബി.എസ്. ആണ് സി.ഇ.എഫിന്റെ ആഭിമുഖ്യത്തിൽ ഈ വർഷം നടത്തപ്പെട്ടത്. കടന്നുവന്ന എല്ലാവർക്കും അനുഗ്രഹപ്രദമായ പ്രോഗ്രാമുകളായിരുന്നു കോൺഫ്രൻസിൽ ഉടനീളം ഉണ്ടായിരുന്നത്. സഭാപരിപാലകർക്കും യുവാക്കളുടെയും കുട്ടികളുടെയും ഇടയിൽ പ്രവർത്തിക്കുന്നവർക്കുവേണ്ടിയുള്ള പ്രത്യേക സമ്മേളനവും നടത്തുകയുണ്ടായി.

## റാന്നി ബ്രദറൺ കൺവൻഷൻ

**പത്തനംതിട്ട:** റാന്നിയിലും സമീപപ്രദേശങ്ങളിലുമുള്ള ബ്രദറൺ സഭകളുടെ സംയുക്താഭിമുഖ്യത്തി ൽ ബ്രദറൺ കൺവൻഷൻ നവംബർ 29 മുതൽ ഡിസംബർ 4 വരെ റാന്നി ബ്രദറൺ ആഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെടും.

സുവിശേഷകന്മാരായ ബ്രദർ ചാൾസ് ജോൺ, ബ്രദർ സ്റ്റീഫൻ ചെറിയാൻ, ബ്രദർ ജോൺ കുര്യൻ, ബ്രദർ വർഗ്ഗീസ് കുര്യൻ, ബ്രദർ ചാണ്ടപ്പിള്ള ഫിലിപ്പ് എന്നിവർ വചന പ്രഘോഷണം നടത്തും. ബ്രദർ പി.പി. ഫിലിപ്പ് കൺവൻഷന്റെ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകും. ദൈവജനം ഈ കൺവൻഷന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യുവാൻ അഭ്യർത്ഥിക്കുന്നു.

## സുവിശേഷ സന്ദേശ യാത്ര

തൃശ്ശൂർ ഗോസ്പൽ ടീമിന്റെയും കൊടകര ക്രിസ്ത്യൻ ബ്രദറൺ ചർച്ചിന്റെയും സംയുക്താഭിമുഖ്യത്തിൽ നവംബർ 19ന് തൃശ്ശൂർ ജില്ലയിലെ കുടിയേറ്റ മേഖലയായ ഇഞ്ചക്കുണ്ട് മുതൽ കൊടകര സെന്റർ വരെ സുവിശേഷ പ്രസംഗവും ട്രാക്റ്റ് വിതരണവും നടത്തപ്പെടും. ഈ പ്രവർത്തനങ്ങളുടെ അനുഗ്രഹത്തിനുവേണ്ടി ദൈവജനം പ്രാർത്ഥിക്കുക.

## ഏകദിന സമ്മേളനം

**തൃശ്ശൂർ:** സുവിശേഷകൻ ബാലസംഘം തൃശ്ശൂർ സെന്ററിന്റെ ആഭിമുഖ്യത്തിൽ ഡിസംബർ 5ന് ഏകദിന സമ്മേളനം പെങ്ങാമുക്ക് ബ്രദറൺ ചർച്ചിന്റെ സഹകരണത്തിൽ ചിറക്കൽ സംഗമം പാലസിൽവെച്ച് നടത്തപ്പെടും. ബ്രദർ ബിജു കണ്ണൻ മുഖ്യാതിഥി ആയിരിക്കും. ദൈവത്തോടുകൂടെ നടക്കുക എന്ന ചിന്താവിഷയത്തെ ആസ്പദമാക്കി ക്ലാസ്സുകൾ നടത്തപ്പെടും. 6 മുതൽ 17 വയസ്സ് വരെയുള്ള കുട്ടികൾക്കായിരിക്കും പ്രവേശനം. ഗ്രൂപ്പ് ക്ലാസ്സുകൾ, സെക്ഷൻ ക്ലാസ്സുകൾ, സംഗീത അഭ്യാസവും, വേദമത്സരങ്ങൾ എന്നിവ സമ്മേളനത്തോടനുബന്ധിച്ച് നടക്കും. ഡോ. ബിനോയി വർഗീസ് സമ്മേളനങ്ങൾക്ക് നേതൃത്വം നൽകും.

## നേപ്പാളിൽ ബ്രദറൺ സഭാഹാൾ ഉദ്ഘാടനം

**ധരാൻ:** നേപ്പാളിലെ ധരാനിലുള്ള ബ്രദറൺ സഭാഹാളിന്റെ ഉദ്ഘാടനം നവംബർ 17-ന് നടക്കും. സുവി. ബില്ലി പി. ജേക്കബ് മുഖ്യപ്രഭാഷണം നടത്തും. മഞ്ഞാടി ബ്രദറൺ സഭയിൽ നിന്നും സുവിശേഷകനായി അംഗീകരിച്ച സുവി. സാം ജി. ജോണും കുടുംബവും ഇവിടുത്തെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നു. ഉദ്ഘാടനയോഗത്തിൽ സമീപ സ്ഥലങ്ങളിലുള്ള വിവിധ സഭകളെ പ്രതിനിധീകരിച്ച് നിരവധി വിശ്വാസികളും സംബന്ധിക്കും. ഈ സഭയിൽ 20-ൽ പരം കുടുംബങ്ങളിലായി 55-ൽ അധികം ആളുകൾ സഭാ യോഗത്തിൽ പങ്കെടുക്കുന്നു. ദൈവജനം ഇവിടെ ഉള്ള പ്രവർത്തനത്തെ ഓർത്ത് പ്രാർത്ഥിക്കുക.



*നേപ്പാളിലെ ധരാനിൽ നവംബർ 17-ന് ഉദ്ഘാടനം ചെയ്യുന്ന ബ്രദറൺ സഭാ ഹാൾ*

സത്യം പബ്ലിക്കേഷൻസ്

പ്രസിദ്ധീകരിച്ച

റയറി

2500 ൽ അധികം പേജുകൾ... ഡിമൈ 1/4 സൈസ് ആകർഷകമായ ക്വാളിറ്റി ലെതർ ബൈൻഡിംഗ്



സ്റ്റഡി ബൈബിൾ

മലയാളത്തിൽ...

▲ ലോകമെമ്പാടുമുള്ള ബൈബിൾ പണ്ഡിതന്മാർ വചനപഠനത്തിനുപയുക്തമാക്കുന്ന അമൂല്യ പഠന ബൈബിൾ

▲ ഡാളസ്സ് തിയോളജിക്കൽ സെമിനാരിയിൽ ദീർഘകാലം വേദശാസ്ത്രജ്ഞനായിരുന്ന ഡോ. ചാൾസ് സി. റൈറി യാൽ വിരചിതമായത്.

▲ ഫുട്ട് നോട്ട്സ്, റഫറൻസ്, പദങ്ങളുടെ അർത്ഥങ്ങൾ, വിശദീകരണങ്ങൾ, ചരിത്രം...

▲ വേദാദ്ധ്യാപകർക്കും വേദവിദ്യാർത്ഥികൾക്കും ഇടയശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്നവർക്കും സാധാരണക്കാർക്കും പ്രയോജനകരം.

▲ നിരവധി കമന്ററി കുറിപ്പുകൾ.

തപാലിൽ ലഭിക്കുവാൻ 100 രൂപ തപാൽ ചാർജ്ജ് അധികം നൽകേണ്ടതാണ്. ബുക്കുചെയ്യുന്നവർ M.O / D.D.: Sathyam Publications, Thiruvalla എന്ന പേരിൽ താഴെ കാണുന്ന വിലാസത്തിൽ തപാൽ മുഖേനയോ; Axis Bank തിരുവല്ല ബ്രാഞ്ചിലെ സത്യം പബ്ലിക്കേഷൻസിന്റെ A/C No: 422010200001021 അക്കൗണ്ടിലോ പണമടയ്ക്കാവുന്നതാണ്.

കൂടുതൽ കോപ്പികൾ ഒരുമിച്ച് ബുക്കുചെയ്യുന്നവർക്ക് പ്രത്യേക കിഴിവ് ലഭിക്കുന്നതാണ്.

മുഖവില 1500

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട വിലാസം:

Sathyam Publications
Thottabhagom p. o,
Thiruvalla 689 541,
Kerala, India.
Ph: 0469 2619657
Mob: 91 9446026182, 944712682
Toll Free # 1-800-425-1211
Email: sales@truthintl.org
Website: www.truthintl.org

23 Years in Literature Ministry

ലക്ഷ്യം: അക്ഷരത്തിലൂടെ ആത്മാക്കൾ

പത്രാധിപ സമിതി

**ഡോ. സി.വി. വടവന**
(ചീഫ് എഡിറ്റർ)

**എ.വി. ജോൺ**
**ജിജോ അങ്കമാലി**
**എ.സി. ജോസഫ്**
**പി.എം. ഏബ്രഹാം**
(സബ് എഡിറ്റർ)

**ഇ.എസ്. റെജി**
(മാനേജിംഗ് എഡിറ്റർ)

**മേരിക്കുട്ടി പി.ജെ.**
(സർക്കുലേഷൻ)

**സാം സി. വടവന**
(റസിഡന്റ് എഡിറ്റർ)

വിദേശ പ്രതിനിധികൾ

**യു. എസ്. എ.**

**ന്യൂയോർക്ക്**
എ. ജോൺ ബേബി
845 352 3626

**ടെക്സാസ്**
മാത്യു തോമസ്
281-397-6923

**ഡാളസ്**
എഡ്വിൻ ജോസഫ്
972 965 0449

**മിനിസോട്ടോ**
വർഗീസ് പി. വർഗീസ്
651 686 9797

**ചിക്കാഗോ**
താരു വർഗ്ഗീസ്
630 910 4148

**ഹൂസ്റ്റൺ**
രാജൻ സി. മാത്യു
281 443 0060

**ബഹ്റിൻ**
ജെ. ഡി. പോൾ
714 431

**യു. എ. ഇ.**

**അബുദാബി**
ബിജോയ് ജോൺസ് ജോർജ്ജ്
050 - 5313382

**ഷാർജ**
സി.എം.ജേക്കബ്
050 - 6346356



**ജീവവചനം**
ഏറ്റവും പ്രചാരമുള്ള ബ്രദറൺ വാർത്താ വാരിക

**വാർഷിക വരിസംഖ്യ**
ഇൻഡ്യയിൽ **50** രൂപ
ആയുഷ്ക്കാല വരിസംഖ്യ **500** രൂപ
**USA $ 50**
മറ്റു രാജ്യങ്ങൾ **1000** രൂപ

**വിലാസം**

**ജീവവചനം**
സത്യം മിനിസ്ട്രീസ്
തോട്ടഭാഗം പി.ഒ., തിരുവല്ല - 689 541
Ph: 0469 2619209
Mob: 9447126182

**U.S.A**
Sathyam Publications Inc
P.O. Box. 1297
CORONA, CA 92878
Tel: 562 774 5673
Email: satyam_india@yahoo.com,

www.truthintl.org


തലക്കുറി

# ഞാൻ എന്തുകൊണ്ട് വിമർശിക്കുന്നു

**ഡോ. സി.വി. വടവന**

വിമർശനം പൊതുവെ ആരും ഇഷ്ടപ്പെടുന്നില്ല. വിമർശിച്ചു പ്രസംഗിക്കുന്നവരും എഴുതുന്നവരും പലപ്പോഴും വിമർശനം ഉൾക്കൊള്ളാൻ തയ്യാറാവുന്നില്ല. എന്നാൽ വിമർശന വിധേയമാകാത്ത വ്യക്തിയും സമൂഹവും ഒരിക്കലും ഔന്നത്യത്തിന്റെ പദവിയിൽ എത്തുന്നില്ല എന്നതാണ് വാസ്തവം. റോമൻ കത്തോലിക്കാസഭയിൽ ഇന്നു കാണുന്ന ആത്മീക നവോത്ഥാനത്തിന് ചുക്കാൻ പിടിച്ച കർദ്ദിനാൾ ന്യൂമാൻ ഒരിക്കൽ ഇങ്ങനെ പറഞ്ഞു. "I love my criticism because I love my church" "ഞാൻ എന്റെ സഭയെ സ്നേഹിക്കുന്നതുകൊണ്ട് എന്റെ വിമർശനത്തിന്റെ സ്വരം ഉയർത്തുന്നു." ഒരിക്കൽ സഭാനേതൃത്വം അദ്ദേഹത്തെ സഭയിൽ നിന്നു മുടക്കാൻ ഒരുമ്പെട്ടെങ്കിലും രണ്ടാം വത്തിക്കാൻ കൗൺസിൽ വിളിച്ചുകൂട്ടാൻ ജോൺ 23-ാം മാർപാപ്പായ്ക്ക് പിൻബലമായി തീർന്നത് ന്യൂമാന്റെ വിമർശനശരങ്ങളാണ്. കർദ്ദിനാൾ ന്യൂമാൻ കെ.എൻ. ഡാർബിയുടെ പ്രചോദനം ഉൾക്കൊണ്ടു എന്നറിയുമ്പോഴെ നമുക്കതിന്റെ പ്രസക്തി കൂടുതൽ മനസ്സിലാകൂ.

ജീവവചനം ദ്വൈവാരിക പലപ്പോഴും വിമർശനത്തിന് മുതിർന്നിട്ടുണ്ട്. റോമൻ കത്തോലിക്കാ സഭയിൽ നിന്നും രക്ഷിക്കപ്പെട്ട് സന്യാസ പദവി ഉപേക്ഷിച്ച് ബ്രദറൺ സമൂഹത്തോടു ചേർന്നപ്പോൾ എനിക്കു വലിയ പ്രതീക്ഷകൾ ഉണ്ടായിരുന്നു. രക്ഷിക്കപ്പെട്ട ദൈവമക്കളുടെ കൂട്ടത്തെക്കുറിച്ച് എനിക്കു



ചില വലിയ ധാരണകൾ ഉണ്ടായിരുന്നു. എന്നാൽ പിൽക്കാലങ്ങളിൽ നമ്മുടെ സമൂഹത്തെ മൊത്തമായി നിരീക്ഷിച്ചതിൽ നിന്നും ചില ദുഷിച്ച പ്രവണതകളെ വിമർശിക്കേണ്ടിവന്നു. പ്രത്യേകിച്ചും നമുക്ക് അന്യം നിന്നുവരുന്ന അച്ചടക്കം അവയിൽ മുഖ്യസ്ഥാനം വഹിക്കുന്നു. നമ്മുടെ സ്ഥാപനങ്ങൾക്ക് എന്തുപറ്റി? നമ്മുടെ കൂട്ടായ്മകൾക്ക് എന്തുപറ്റി? നമ്മുടെ സഭാ വളർച്ചയ്ക്ക് എന്തു പറ്റി? നമ്മുടെ ആത്മീയ മന്ദസ്ഥിതിയ്ക്ക് എന്താണു കാരണം? നമ്മൾ ഇങ്ങനെയൊക്കെ മുന്നോട്ടു പോയാൽ മതിയോ? എന്നൊക്കെ സ്വയം വിമർശനത്തിന് നാം തയ്യാറായേ മതിയാകൂ. നമ്മൾ പഠിപ്പിക്കുന്ന ഉപദേശതത്വസംഹിതകൾ പ്രായോഗികമാണെന്ന് നാം സമൂഹത്തിന് മനസ്സിലാക്കി കൊടുക്കാൻ ബാദ്ധ്യസ്ഥരാണ്. സമൂഹത്തിൽ സുവിശേഷ പ്രഘോഷണത്തിന്റെ സാദ്ധ്യതയ്ക്കു വേണ്ടിയാണ് മിഷനറിമാർ പല നല്ല സ്ഥാപനങ്ങളും കെട്ടിപ്പെടുത്തിയത്. അത് വിപരീത ഫലങ്ങൾ പുറപ്പെടുവിക്കുന്നത് തികച്ചും അപലപനീയമാണ്. ഇതിനൊരു മാറ്റം സംഭവിച്ചേ മതിയാകൂ. അതിനായി നമുക്ക് പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യാം.

എനിക്കു സഭയിൽ ആരോടും വ്യക്തി വൈരാഗ്യം ഇല്ല. എന്നാൽ പലരും പതുക്കെ പറയുന്ന അരമന രഹസ്യങ്ങൾ ഞാൻ സമൂഹനന്മയ്ക്കുവേണ്ടി ഉറക്കെപ്പറയുന്നു എന്നു മാത്രം. എനിക്കു വീണ്ടും പറയുവാനുള്ളത് "ഞാൻ എന്റെ സഭയെ സ്നേഹിക്കുന്നതുകൊണ്ട് എന്റെ വിമർശനത്തിന്റെ സ്വരം ഉയർത്തുന്നു" എന്നാണ്. നമ്മുടെ സഭ ചത്തുപോയി എന്നു പറഞ്ഞ് വിലപിക്കാൻ എന്നെ കിട്ടില്ല. ചത്തുപോയി എന്നുരുവിടുന്ന പ്രിയപ്പെട്ടവരോട് ഒരപേക്ഷയുണ്ട്. ഞങ്ങളെപ്പോലെ പുതുതായി മുന്നോട്ടു വന്നവരെ നിരാശപ്പെടുത്തുന്ന വാചകങ്ങൾ നിങ്ങൾ പറയരുത്. നമ്മുടെ സഭ ചത്തിട്ടില്ല. അത് ജീവനുള്ളതാണ്. അതിന്റെ വളർച്ചയ്ക്കും ക്ഷേമത്തിനുമായി ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും പരിശ്രമിക്കുകയും ചെയ്യാം. ദൈവം നമ്മോടു കൂടെയുണ്ട് നിശ്ചയം. കേരളത്തിലെ ബ്രദറൺ സഭകളുടെ ഉദ്ധാരണത്തിനായി നമുക്ക് കൈകോർത്തു പിടിച്ച് ഉത്സാഹിക്കാം. "തകർന്നും പൊളിഞ്ഞും കിടക്കുന്ന മതിൽ" കാണാൻ നമുക്ക് വിവേകം ഉണ്ടാകട്ടെ. വിജയം നിശ്ചയം.

**ചീഫ് എഡിറ്റർ**

## കത്തുകൾ... കത്തുകൾ... കത്തുകൾ...

# പ്രതികരണം - ബി.സി.സി.എഫ്.

*ബിജു കുമ്പനാട്, സന്തോഷ് കവുങ്ങുംപ്രയാർ*

ബ്രദറൺ ക്രിസ്ത്യൻ ചർച്ചസ് ഫെലോഷിപ്പ് (ബി.സി.സി.എഫ്.) രൂപീകരണം ദൈവം സ്ഥാപിച്ചതും അപ്പോസ്തലന്മാർ വചനത്തിൽക്കൂടി കാണിച്ചു തന്നതുമായ പുതിയനിയമ മാതൃകയിലുള്ള പ്രാദേശിക സഭകളുടെ ഘടനയ്ക്ക് ഒരു വെല്ലുവിളിയാണ്. ഈ അത്ഭുതകരമായ മർമ്മം വെളിപ്പെട്ട് കിട്ടിയ നമ്മുടെ പിതാക്കൻമാർ ദൈവത്തിൽ പൂർണ്ണമായി സമർപ്പിച്ചുകൊണ്ട് അവർ അതുവരെ വിശ്വസിച്ചു വന്നിരുന്ന കേന്ദ്രഘടനയിലുള്ള സഭകളിൽ നിന്നും പുറത്തുവന്നു. മാനുഷികബുദ്ധിയിൽ ഇത് ഭോഷത്വമായി തോന്നും. എന്നാൽ ദൈവം അത്ഭുതങ്ങൾ പ്രവർത്തിക്കുന്നത് ഇത്തരം "ഭോഷത്വ"ത്തിൽ കൂടിയാണ്. കേരളത്തിൽ വേർപാട് സഭകൾക്ക് തുടക്കമിട്ട കുമ്പനാടു തന്നെ സെൻട്രൽ കമ്മിറ്റിക്ക് തുടക്കമിട്ടത് തികച്ചും ദൗർഭാഗ്യകരമാണ്.

ബി.സി.സി.എഫ്. അനുകൂലികൾ പറയുന്നതുപോലെ ബ്രദറൺ വിശ്വാസികളുടെ ഇടയിലുള്ള മറ്റു സംഘടനകളുമായി ഇതിനെ തുലനം ചെയ്യുവാൻ സാധിക്കില്ല. ഇതിൽ ഏതെങ്കിലും സംഘടന ബ്രദറൺ സഭകളെ പ്രതിനിധീകരിക്കുന്നു എന്ന് അവകാശപ്പെടുന്നില്ല. ഇതേ രീതിയിൽ ആർക്കെങ്കിലും ലീഗൽകാര്യങ്ങളിൽ സഹോദര, സഭയെയോ വ്യക്തികളെയോ സഹായിക്കണമെന്ന് താല്പര്യമുണ്ടെങ്കിൽ അതിനുള്ള കാഴ്ചപ്പാട് ദൈവം കൊടുക്കുന്നു എങ്കിൽ അവർക്ക് പ്രവർത്തിക്കുന്നതിനു ആരും തടസ്സമല്ല. ദൈവം അതിനുള്ള വഴികൾ തീർച്ചയായും കാണിച്ചു കൊടുക്കും.

ഇവിടെ പ്രശ്നമതല്ല. ബി.സി.സി.എഫ്. കേരളത്തിലെ (മാത്രമല്ല ഇന്ത്യയിലെയും) എല്ലാ സഭകളെയും പ്രതിനിധാനം ചെയ്യാൻ ആഗ്രഹിക്കുന്നു. മറ്റുള്ള കേന്ദ്രീകൃത സഭകളെ പോലെ ലോകത്തിനു മുൻപിൽ ആക്കിത്തീർക്കുവാൻ "മീഡിയ സ്റ്റണ്ട്" നടത്തുന്നു.

ബി.സി.സി.എഫ്. രൂപീകരണത്തിന് പിന്നിലുള്ള ഏരിയ, റീജിയൻ റെപ്രസെന്റേഷൻ "കളി"കൾ കൂടുതൽ വിശദമാക്കേണ്ട കാര്യമില്ല. കമ്മറ്റി പട്ടികയിലേക്ക് വലിച്ചിഴയ്ക്കപ്പെട്ട പാവം സഹോദരങ്ങൾ! അവർ അറിയാതെ അവരുടെ പേര് ദുരുപയോഗം ചെയ്യപ്പെടുന്നു. എന്നിട്ടും "ലീഗൽ" പ്രതിനിധിയെ കിട്ടാനുള്ള വേട്ട തുടരുന്നു.

എന്നാൽ ദൈവം തക്ക സമയത്ത് ലീഗൽ/സർക്കാർ തലങ്ങളിൽ ആളുകളെ ഉപയോഗിക്കും എന്ന കാര്യം നമ്മൾ മറന്നു പോകരുത്. ദാനിയേൽമാരെയും ജോസഫുമാരെയും ദൈവം എഴുന്നേല്പിക്കും. കഴിഞ്ഞ നാളുകളിൽ ചെയ്തതുപോലെ ദൈവം ഇപ്പോഴും അത് ചെയ്തുകൊണ്ടിരിക്കുന്നു. സെൻട്രൽ കമ്മറ്റിയുടെ സഹായം ഇല്ലാതെ തന്നെ!

പ്രാദേശിക സഭകളെ പ്രതിനാധാനം ചെയ്യാൻ സെൻട്രൽ കമ്മറ്റിയുടെ ആവശ്യം ഇല്ല. പ്രാദേശിക സഭ അതിൽ തന്നെ സ്വയം പര്യാപ്തമാണ്. ആവശ്യമാണെങ്കിൽ പ്രാദേശിക സഭ തന്നെ സർക്കാർ, ലീഗൽ തലങ്ങളിൽ പ്രതിനിധാനം ചെയ്യണം. സഭാ മൂപ്പന്മാരും വിശ്വാസികളും പ്രാർത്ഥനാപൂർവ്വം ഇത് കൈകാര്യം ചെയ്യണം. വേണ്ടി വന്നാൽ മറ്റു സഹോദര സഭകളോ വിശ്വാസികളോ പുതിയനിയമ മാതൃകയനുസരിച്ചു സഹായിക്കാം. തീർച്ചയായും ദൈവം വഴി കാണിക്കും. ദൈവത്തിന്റെ വാഗ്ദത്തങ്ങളെ നമ്മൾ ഒരിക്കലും മറന്നുകൂടാ.

സ്ഥലം സഭയുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളിലും വേദപുസ്തക പ്രമാണങ്ങളും, ക്രമങ്ങളും പാലിക്കേണ്ടതാണ്. അതിനു നല്ല ഒരു ഉദാഹരണമാണ് ഉസ്സക്ക് കിട്ടിയ ശിക്ഷ. ദൈവത്തിന്റെ പെട്ടകം കൊണ്ടുവരുമ്പോൾ കാള വിരണ്ടതുകൊണ്ട് ഉസ്സ കൈനീട്ടി ദൈവത്തിന്റെ പെട്ടകം പിടിച്ചു (2 ശമൂ. 6:6) അതിൽ എന്താണ് തെറ്റ്?? പെട്ടകം മറിയാൻ തുടങ്ങിയപ്പോൾ പിടിച്ചതോ? എന്നാൽ ദൈവീക പ്രമാണങ്ങൾ പാലിക്കാത്തതുകൊണ്ട് "യഹോവയുടെ കോപം ഉസ്സയുടെ നേരെജ്വലിച്ചു". അവന്റെ അവിവേകം നിമിത്തം യഹോവ അവനെ സംഹരിച്ചു. അവൻ അവിടെ ദൈവത്തിന്റെ പെട്ടകത്തിന്റെ അടുക്കൽ വച്ച് മരിച്ചു" (2 ശമൂ. 6:7).

*(തുടർച്ച 10-ാം പേജിൽ)*

# ഉടയാത്ത ഉടമ്പടി

സുവി. പി.കെ. ജയൻ, തൃശൂർ

(തുടർച്ച)

ഇന്ന് നടക്കുന്ന വിശുദ്ധ വിവാഹങ്ങളെല്ലാംതന്നെ ഭാവിയിൽ നടക്കാൻ പോകുന്ന കുഞ്ഞാടിന്റെ കല്യാണത്തിന്റെ നിഴലാണ്. ആ വിവാഹത്തിനും ചുരുങ്ങിയത് മൂന്നു ഘട്ടങ്ങളുണ്ട്. സുവിശേഷം അറിയിക്കുന്ന വ്യക്തിയിലൂടെ ദൈവവചനം ആസ്പദമാക്കി യേശുക്രിസ്തു എന്ന ഏക പുരുഷനെ കുറിച്ചു ഒരു ധാരണയുണ്ടാകുന്നു. അതേ തുടർന്ന് വായ്കൊണ്ടു ഏറ്റുപറയുകയും ഹൃദയംകൊണ്ടു വിശ്വസിക്കുകയും ചെയ്യുന്നതിലൂടെ യേശുവിനെ ആത്മഭർത്താവായി കൈക്കൊള്ളുകയും വിവാഹനിശ്ചയത്തിലേർപ്പെടുകയും ചെയ്യുന്നു. വിവാഹനിശ്ചയം കഴിഞ്ഞു, വഷളായിപ്പോകാതെ നിർമ്മലജീവിതം നയിച്ചു മുമ്പോട്ടു പോകുന്ന സഭ ഭൂമിയിൽനിന്നു എടുക്കപ്പെട്ടതിനുശേഷം സ്വർഗ്ഗത്തിൽ വെച്ചു വിവാഹം നടക്കുന്നു. വിവാഹം നടന്നതിനുശേഷമാണ് മണവാളനും മണവാട്ടിയും മണവറയിലേക്കു പ്രവേശിക്കുന്നത്. രക്ഷിക്കപ്പെടുന്ന ഒരു വ്യക്തി കർത്താവുമായി വിവാഹനിശ്ചയം കഴിഞ്ഞ അവസ്ഥയിലാണ് ഇപ്പോൾ ആയിരിക്കുന്നത് (2 കൊരി. 11:2).

യേശുക്രിസ്തു എന്ന ഏക പുരുഷനെ ആത്മഭർത്താവായി വായ്കൊണ്ടു ഏറ്റുപറഞ്ഞ് ദൈവം യേശുവിനെ മരിച്ചവരിൽനിന്നു ഉയർപ്പിച്ചിട്ടുണ്ടെന്നു ഹൃദയംകൊണ്ട് വിശ്വസിച്ചു കൈകൊള്ളുന്ന ആ മാത്രയിൽകർത്താവിനോടു പറ്റിച്ചേർന്നു ഏകാത്മാവായി തുടരുന്ന ഉന്നതമായ ഒരവസ്ഥയെക്കുറിച്ചു വചനം വെളിപ്പെടുത്തുന്നു (റോമർ 10:9, 1 കൊരി. 6:17). ആത്മഭർത്താവുമായുള്ള ഈ പറ്റിച്ചേരൽ വിവാഹത്തിനു മുമ്പാണ് നടക്കുന്നത് എന്നു സ്പഷ്ടം. പറ്റിച്ചേരലിലൂടെയാണ് ഭാര്യാഭർത്താക്കന്മാരായിത്തീരുന്നതെങ്കിൽ വിവാഹസമയത്ത് – എന്നാൽ വിവാഹത്തിനുമുമ്പ് – പറ്റിച്ചേരുന്ന കർത്താവു ഏറ്റവും വലിയ നിയമലംഘകൻ എന്നു പറയേണ്ടിവരും.

കേവലം വിശ്വസിച്ചാൽ മാത്രം പോരാ, വിശ്വസിച്ചതെന്തോ അത് ഏറ്റുപപറയേണ്ടത് അനിവാര്യമാണെന്ന് ചൂണ്ടിക്കാണിക്കുന്ന വേദഭാഗമാണല്ലോ യോഹന്നാൻ 12:42. "എന്നിട്ടും പ്രമാണികളിൽ തന്നേയും അനേകർ അവനിൽ വിശ്വസിച്ചു; പള്ളിഭ്രഷ്ടർ ആകാതിരിപ്പാൻ പരീശന്മാർ നിമിത്തം ഏറ്റുപറഞ്ഞില്ലതാനും."

പറ്റിച്ചേരലിനെക്കുറിച്ചു പ്രതിപാദിച്ചിരിക്കുന്ന അനേകം വേദഭാഗങ്ങൾ ദൈവവചനത്തിലുണ്ട്. ഉല്പത്തി പുസ്തകം 2:24ൽ കാണുന്ന 'പറ്റിച്ചേരും' എന്ന പദത്തിന്റെ എബ്രായ പദം "DABAQ' എന്നാണ്. be joined or cleave പറ്റിച്ചേരും എന്ന് ഭാവികാല (Future tense) ത്തിലാണ് പ്രയോഗിച്ചിരിക്കുന്നത്. ഉല്പത്തി 34:3, രൂത്ത് 1:14, 2 രാജാക്കന്മാർ 3:3, ഇയ്യോബ് 29:10, 19:20 മുതലായ വേദഭാഗങ്ങളിലെല്ലാംതന്നേ ഈ "DABAQ' എന്ന പദമാണ് നല്കിയിരിക്കുന്നത്. ഉള്ളം പറ്റിച്ചേരുക, വേർപെടുക്കാൻ കഴിയാത്തവിധം പശ വെച്ച് ഒട്ടിച്ച് ചേർക്കുക, മുറുകെ പിടിക്കുക, നാവ് അണ്ണാക്കോട് പറ്റുക, അസ്ഥി ത്വക്കിനോടും മാംസത്തോടും പറ്റുക എന്നീഅർത്ഥങ്ങളാണ് 'DABAQ' എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്.

ത്രിയേക ദൈവത്തിന്റെ ഐക്യത്തെ കാണിക്കാനും ഈ പദം ഉപയോഗിച്ചിട്ടുണ്ട്. (in full meaning) എന്നാൽ 1 ശമൂവേൽ 18:1ൽ യോനാഥാൻ–ദാവീദ് ബന്ധത്തെക്കുറിച്ച് വിവരിക്കുമ്പോൾ Limited meaning ആണ് നൽകിയിരിക്കുന്നത്. കാരണം, ആ പറ്റിച്ചേരലിൽ ഒരു താല്ക്കാലിക സ്വഭാവം ഉള്ളതായി കാണുന്നു. മനസ്സുകൾ തമ്മിൽ പറ്റിച്ചേർന്നെങ്കിലും ഒരു പ്രത്യേക സാഹചര്യത്തിൽ യോനാഥാൻ ദാവീദിനെ വിട്ടുപോകുന്നതായി കാണുന്നു (1 സമൂവേൽ 20:42, 23:18).

ദൈവമക്കളുടെ മദ്ധ്യേ അതീവ ഗൗരവമുള്ള ഒരു പാപം സംഭവിക്കാതിരിക്കേണ്ടതിനായി ഈ വേദഭാഗം വിശദീകരിക്കുന്നത് ഉചിതമെന്നു കരുതുന്നു.

"അവൻ ശൗലിനോട് സംസാരിച്ചുതീർന്നപ്പോൾ യോനാഥാന്റെ മനസ്സ് ദാവീദിന്റെ മനസ്സോട് പറ്റിച്ചേർന്നു; യോനാഥാൻ അവനെ സ്വന്തപ്രാണനെപ്പോലെ സ്നേഹിച്ചു" (1 ശമുവേൽ 18:1).

വള്ളിയും പുള്ളിയും മാറ്റം വരുവാൻ സാധ്യതയില്ലാത്ത ദൈവവചനം വായിക്കുന്ന തനി മലയാളവേദപണ്ഡിതൻ, വിവാഹത്തോടുള്ള ബന്ധത്തിൽ ഇതര ഭാഗങ്ങളിൽ പറഞ്ഞിരിക്കുന്ന 'പറ്റിച്ചേരൽ' പദപ്രയോഗം യോനാഥാൻ -ദാവീദ് പറ്റിച്ചേരലുമായി താരതമ്യപ്പെടുത്തി പഠനം നടത്തുമ്പോൾ 'സ്വവർഗ്ഗരതി' ദൈവം അംഗീകരിക്കുന്നുണ്ടോ എന്ന് ആശങ്കിതനാകാൻ ഇടയുണ്ട്. എന്നാൽ വചനം പരിശുദ്ധാത്മാവിന്റെ സഹായത്താൽ സൂക്ഷ്മമായി പരിശോധിച്ചാൽ 'പറ്റിച്ചേരൽ' വാദികൾ ഉന്നയിക്കുന്ന വിധത്തിലുള്ള ഒരു പറ്റിച്ചേരലല്ല ഇത് എന്ന് മനസ്സിലാക്കാൻ വലിയ പ്രയാസമില്ല.

ഉല്പത്തി. 34:1–5ൽ ശെഖേം ദീനയോടു പറ്റിച്ചേർന്നു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ശെഖേമും ദീനയും തമ്മിൽ പറ്റിച്ചേർന്ന ആ പ്രക്രിയയെ അംഗീകരിക്കുന്നതിനുപകരം അതിനെ തികച്ചും 'വഷളത്വമായാണ് അവിടെ ചിത്രീകരിച്ചിരിക്കുന്നത്. അവൾക്കു പോരായ്മ വരുത്തി എന്നാണ് പറയുന്നത്. ഈ കാര്യം പോരായ്കയായും വഷളത്വമായും കാണാനുള്ള ഏക കാരണം ദീന അതുവരെയും ശെഖേമിന്റെ ഭാര്യയായിത്തീർന്നിട്ടില്ലായിരുന്നു എന്നതിനാലാണ് (വാക്യം 4). അവർ തമ്മിൽ പറ്റിച്ചേർന്നു എന്നതിനെ സ്ഥിരീകരിക്കാൻ ദൈവാത്മാവ് ഉപയോഗിച്ച പദം 'ശയിച്ചു' എന്നാണ് (വാക്യം 2).

❑❑❑

യേശുവിന്റെ ഉപമകൾ - 4

# കടുകുമണി

(മത്തായി 13:31,32)



പി. എം. ഏബ്രഹാം
(ചെറുപുഴ)

സ്വർഗ്ഗരാജ്യത്തിന്റെ ആരംഭം, ചെറിയ നിലയിലായിരുന്നുവെങ്കിലും അതിന്റെ വളർച്ച ദ്രുതഗതിയിലായിരുന്നു എന്ന സത്യം വെളിപ്പെടുത്തുവാനാണ് കടുകുമണിയുടെ ഉപമ കർത്താവ് പറഞ്ഞത്.

ധാർമ്മിക രാജ്യത്തെക്കുറിച്ചുള്ള ഈ ഉപമ വിതയ്ക്കുന്നതിനെ സംബന്ധിച്ചുള്ളതാണ്.

കടുകുമണിയുടെ ഉപമ മർക്കൊസിന്റെ സുവിശേഷത്തിൽ (4:30–32) ദൈവരാജ്യത്തോടാണ് ഉപമിച്ചിരിക്കുന്നത്. ഇക്കാരണത്താൽ "ദൈവരാജ്യവും സ്വർഗ്ഗരാജ്യവും" ഒന്നാണെന്നു ചിലർ വ്യാഖ്യാനിക്കാറുണ്ട്. സ്വർഗ്ഗരാജ്യത്തിൽ രക്ഷിക്കപ്പെട്ടവരും രക്ഷിക്കപ്പെടാത്തവരുമുണ്ട്. ഗോതമ്പിന്റെയും കളയുടെയും ഉപമ ഇതിനെയാണു കാണിക്കുന്നത്. എന്നാൽ ദൈവരാജ്യത്തിൽ രക്ഷിക്കപ്പെട്ടവർ മാത്രമാണ് ഉണ്ടായിരിക്കുക.

ദൈവരാജ്യത്തെ രണ്ടാമത്തെ ഉപമയോടു ബന്ധപ്പെടുത്തിയില്ലെന്നതു പ്രത്യേകം ശ്രദ്ധിക്കുക. മർക്കൊസിന്റെയും മത്തായിയുടെയും സുവിശേഷത്തിലെ കടുകുമണിയുടെ ഉപമകൾ ഒരുമിച്ചു ചിന്തിക്കുമ്പോൾ, യഥാർത്ഥവിശ്വാസികളുടെ സംഖ്യയും (ദൈവരാജ്യം), ഈ യുഗത്തിലെ വ്യാജാനുകരണവും (സ്വർഗ്ഗരാജ്യം) ത്വരിതഗതിയിൽ വളരുന്നതായി കാണാം. ഭാവിയിൽ സ്ഥാപിക്കപ്പെടുവാൻ പോകുന്ന സഹസ്രാബ്ദ രാജ്യത്തിന്റെ വിപരീതമാണിത്. സഹസ്രാബ്ദരാജ്യം ഇങ്ങനെ സാവധാനമായ വളർച്ചയുടെ ഫലമല്ല; അത് ക്ഷണത്തിൽ ആഗോളവ്യാപകമായ രാജ്യമാകുകയായിരിക്കും. ഈ ഉപമയിൽ ശ്രദ്ധിക്കപ്പെടുന്ന വിഷയം, വിതെയ്ക്കപ്പെട്ടവിത്തും അതിന്റെ ക്രമാതീതമായ വളർച്ചയുമാണ്. സ്വർഗ്ഗരാജ്യത്തിന്റെ വളർച്ചയാണിതു കാണിക്കുന്നത്.

സ്വർഗ്ഗരാജ്യത്തിന്റെ ആരംഭം വളരെ ചെറിയ നിലയിലായിരുന്നു. അപ്രധാനമായിരുന്ന ഒരവസ്ഥയിൽ നിന്നാണ് അത്ഭുതാവഹമായ വളർച്ച കൈവന്നത്. സ്വർഗ്ഗരാജ്യത്തിന്റെ വക്താക്കളായിട്ട് കേവലം 11 പേരെ യേശുക്രിസ്തു അയയ്ക്കുകയുണ്ടായി (യോഹ. 17:18). വളരെചെറിയ തുടക്കമായിരുന്നു അതെങ്കിലും ഇവരിൽക്കൂടി ലോകം മുഴുവനും തന്റെ സന്ദേശം കേൾക്കുമെന്ന് യേശുക്രിസ്തു മുൻകൂട്ടി പറഞ്ഞു. സ്വർഗ്ഗരാജ്യത്തിന്റെ അനിയന്ത്രിയമായ വളർച്ചയെയാണ് ഈ ഉപമ വിവക്ഷിക്കുന്നുത്. ഈ ഉപമയുടെ വ്യാഖ്യാനം ഈ യുഗത്തിലെ ക്രിസ്തീയ സഭയുടെ വളർച്ചയെ കാണിക്കുന്നു.

സ്വർഗ്ഗരാജ്യം ഒരു നിലയിലും പുതിയ നിയമ സഭയല്ല എന്നുള്ള സത്യം പ്രത്യേകം ശ്രദ്ധിക്കുക. സഭ ക്രിസ്തുവിന്റെ ശരീരവും അവൻ ശരീരത്തിന്റെ ശിരസ്സും അടിസ്ഥാനവുമാണ്. (1 കൊരി. 3:11; എഫെ. 5:23–32; കൊലൊ. 1:18). ഈ യുഗത്തിൽ സ്വർഗ്ഗരാജ്യമെന്നു പറയുന്നത് ക്രിസ്തീയമണ്ഡലമാണ്. (Christiendom) ദൃശ്യസഭയും ക്രിസ്തുവിന്റെ ശരീരമാകുന്ന യഥാർത്ഥ സഭയും ഇതിൽ ഉൾപ്പെട്ടിരിക്കുന്നു.

പെന്തക്കോസ്ത് നാളിൽ കേവലം 120 വിശ്വാസികളാൽ ആരംഭിച്ച് കുറഞ്ഞകാലം കൊണ്ട് അത്ഭുതാവഹമായ വളർച്ച പ്രാപിച്ചു.

ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയുടെ വളർച്ചയെയും വികാസത്തെയും ഈ ഉപമകൊണ്ട് വ്യക്തമാക്കുവാൻ കഴിയും. യഥാർത്ഥ ക്രിസ്തുസഭയുടെ ആരംഭവും വളരെ ചെറിയ നിലയിലായിരുന്നുവല്ലോ? 120 വിശ്വാസികളോടുകൂടി ആരംഭിച്ച സഭ വിവിധ പരിശോധനകളുടെയും വിശ്വാസത്യാഗങ്ങളുടെയും മദ്ധ്യേ വളരുകയായിരുന്നു. വ്യാജമായ വളർച്ചപോലെ, യഥാർത്ഥമായി രക്ഷിക്കപ്പെട്ട ദൈവജനത്തിന്റെ സംഖ്യയും വർദ്ധിക്കുകയായിരുന്നു.

ആഗോളവ്യാപകമായി സുവിശേഷത്തിനുണ്ടായ വിജയത്തെയാണ് ഈ ഉപമ കാണിക്കുന്നതെന്നു വിശ്വസിക്കുന്നവരുമുണ്ട്. എന്നാൽ ഈ വ്യാഖ്യാനം ഒന്നാമത്തെ ഉപമയോടുള്ള ബന്ധത്തിൽ വിരുദ്ധമാണ്.

ചില ഉപമകൾ വ്യാഖ്യാനിക്കുമ്പോൾ സൂക്ഷ്മങ്ങളായിട്ടുള്ള ഭാഗങ്ങൾ കൂടി വ്യാഖ്യാനിക്കുവാൻ ചിലർ വ്യഗ്രത കാണിക്കുന്നുണ്ട്. ഈ ഉപമയിൽ പറഞ്ഞിരിക്കുന്നു ആകാസത്തിലെ പറവകളെക്കുറിച്ച് വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളാണ് വ്യാഖ്യാതാക്കൾക്കുള്ളത്. ഈ ഉപമയുടെ കേന്ദ്രവിഷയം സ്വർഗ്ഗരാജ്യത്തിന്റെ (കടുകുമരം) വളർച്ചയാണ്. കൊമ്പുകളിൽ വസിക്കുന്ന പക്ഷികളുടെ ചിത്രം സ്വാഭാവികം മാത്രമാണ്. ഈ പക്ഷികൾ ഉപമയോടുള്ള ബന്ധത്തിൽ ചില പ്രത്യേക അർത്ഥങ്ങളുണ്ടെന്നു വ്യാഖ്യാനിക്കേണ്ട ആവശ്യമില്ല. സ്വർഗ്ഗരാജ്യത്തിന്റെ ചെറിയനിലയിലുള്ള ആരംഭം, അതിന്റെ വികാസം ഇവ മാത്രമാണ് ഉപമയുടെ പ്രമേയം.

❑❑❑



സി. എച്ച്. സ്പർജൻ സംസാരിക്കുന്നു...

# മാനസാന്തരം

**മാ**നസാന്തരം രക്ഷയുടെ ഒരു ഭാഗമാണ്. ക്രിസ്തു നമ്മെ രക്ഷിക്കുമ്പോൾ, നമ്മെ മാനസാന്തരപ്പെടുത്തിയാണു രക്ഷിക്കുന്നത്. പക്ഷേ മാനസാന്തരം രക്ഷിക്കുകയില്ല. അതു ദൈവത്തിന്റെ മാത്രം പ്രവൃത്തിയാണ്.

ഒരു നവജാത ശിശുവിന്റെ കരച്ചിൽ പോലെയാണു മാനസാന്തരമെന്നു ഞാൻ പറഞ്ഞാൽ, ആ കുഞ്ഞിനു ജീവനുണ്ടെന്നല്ലേ അതു കാണിക്കുന്നത്? "ദൈവമേ പാപിയായ എന്നോടു കരുണയുണ്ടാകണമേ" (ലൂക്കോ. 18:13) എന്ന കരച്ചിൽ, സിംഹാസനത്തിനു മുൻപിലെ കെരൂബുകളുടെ പാട്ടുപോലെ തീർച്ചയായും ജീവന്റെ ഒരടയാളമാണ്.

ഒരിക്കലും ഒരു ക്രിസ്ത്യാനി മാനസാന്തരപ്പെടുന്നത് ഉപേക്ഷിച്ചുകൂടാ, അവൻ പാപം ചെയ്യുന്നത് ഒരിക്കലും ഉപേക്ഷിക്കുന്നില്ല എന്നു ഞാൻ ഭയപ്പെടുന്നതാണു കാരണം.

ക്രിസ്തുവിന്റെ പുരികത്തിൽ മുൾക്കിരീടം തുളഞ്ഞുകയറാനും അവന്റെ മുഖം തുപ്പലേറ്റു നിന്ദിതമാകാനും അവന്റെ കൈകളിൽ ആണികൾ തുളയ്ക്കാനും കാരണമായതുകൊണ്ടുമാണു പാപത്തെ വെറുക്കുന്നത് - ഇതാണു മാനസാന്തരം - ഞാൻ നരകത്തെ ഭയപ്പെടുന്നതുകൊണ്ടല്ല, പാപം വേദനയും ശിക്ഷയും ഉളവാക്കുന്നതുകൊണ്ടല്ല, മറിച്ച് എനിക്കുവേണ്ടി വിവരിക്കാനാവാത്തതരം യാതന സഹിക്കാൻ യേശുക്രിസ്തുവിനെ അതിടയാക്കിയതു നിമിത്തമാണ്.

നിങ്ങൾക്കു ഒരു തകർന്ന ഹൃദയമില്ലെങ്കിൽ, ക്രിസ്തുവിനു മാത്രമേ അതു നിങ്ങൾക്കു നൽകാൻ കഴിയൂ. അതുമായി അവന്റെയടുക്കലേക്കു നിങ്ങൾക്കു വരാൻ കഴിയുന്നില്ലെങ്കിൽ, അതിന്നായി അവന്റെയടുക്കലേക്കു വരൂ. മുറിവേറ്റവനായി അവന്റെയടുക്കലേക്കു നിങ്ങൾക്കു വരാൻ കഴിയില്ലെങ്കിൽ അവന്റെയടുക്കലേക്കു വരൂ; അവൻ നിങ്ങളെ മുറിവേല്പിക്കുകയും സൗഖ്യമാക്കുകയും ചെയ്യും. നിങ്ങൾ യേശുവിനു യാതൊന്നും കൊണ്ടുവരേണ്ട.

ദിവസവും മാനസാന്തരപ്പെടുന്നില്ലെങ്കിൽ നിങ്ങൾ വേണ്ടതുപോലെ ദൈവോന്മുഖന്മാരായി ജീവിക്കുന്നില്ല. ഓർക്കുക, നമുക്കു പാപക്ഷമ ലഭിക്കുന്ന നിമിഷത്തിൽ ഇല്ലാതാകുന്ന ഒരു വിശ്വാസത്തിന്റെ പ്രവൃത്തിയാൽ മാത്രമല്ല നാം രക്ഷിക്കപ്പെടുന്നത്. മറിച്ച്, നാം ജീവിക്കുന്ന കാലത്തോളം തുടരുന്ന ഒരു വിശ്വാസത്താലാണ്. നമുക്കു വിശ്വാസമുള്ള കാലത്തോളം മാനസാന്തരവും ഉണ്ടായേ പറ്റൂ.

പാപത്തെച്ചൊല്ലി ഒരിക്കലും വിലപിച്ചിട്ടില്ലാത്തവൻ കർത്താവിൽ ഒരിക്കലും സന്തോഷിച്ചിട്ടില്ല. എന്റെ കഴിഞ്ഞകാല ജീവിതത്തിലേക്കു തിരിഞ്ഞു നോക്കിയിട്ടു, "എനിക്കതിനെക്കുറിച്ചു ദുഃഖമില്ലാല്ലായെന്നു ഞാൻ പറഞ്ഞാൽ, അവസരം കിട്ടിയാൽ വീണ്ടും ഞാൻ അതു തന്നെ ചെയ്യണം. എന്റെ ഹൃദയം മുൻപായിരുന്നതുപോലെ പിഴയാണെന്നും, ഇപ്പോഴും ഞാൻ വീണ്ടും ജനിക്കാത്തവനാണെന്നുമാണ് അതു കാണിക്കുന്നത്.

വേദനയില്ലാതെ പാപത്തെ നോക്കാൻ നിങ്ങൾക്കു കഴിയുമെങ്കിൽ, നിങ്ങൾ ക്രിസ്തുവിനെ ഒരിക്കലും നോക്കിയിട്ടില്ല. *പാപത്തിനുവേണ്ടിയും പാപത്തിൽനിന്നുള്ളതിനും* യേശുവിനെ നോക്കുന്ന വിശ്വാസം ഹൃദയത്തെ തകർക്കുന്നതാണ്. ഇതൊന്നു പരീക്ഷിച്ചു നോക്കൂ.

"എനിക്കിഷ്ടമുള്ളപ്പോഴൊക്കെ എനിക്കു മാനസാന്തരപ്പെടാമെന്നും, വേണ്ടുന്നപ്പോൾ യേശുവിൽ വിശ്വസിക്കാമെന്നും തോന്നുന്നു" വെന്നു നിങ്ങൾ പറയുന്നോ?

എങ്കിൽ ഞാൻ നിങ്ങളോട് ഉറപ്പായിപ്പറയാം, ആ നിലയിൽ നിങ്ങൾ ബലവാനായിരിക്കുമ്പോൾ, നിങ്ങൾ ബലഹീനനാണ്. മാനസാന്തരപ്പെടാനുള്ള ശക്തിയിൽ പുകഴ്ച പറഞ്ഞ ആരും മാനസാന്തരപ്പെടുന്നതായി ഇതുവരെ എനിക്കറിയില്ല. പാപത്തെച്ചൊല്ലി ഹൃദയം തകർന്ന ആരുംതന്നെ, ഇഷ്ടമുള്ളപ്പോൾ, ഇഷ്ടമുള്ളിടത്തുവച്ചു സ്വന്തഹൃദയം തകർക്കാൻ കഴിയുമെന്നു വീമ്പടിച്ചതായി ഇന്നുവരെ ഞാനറിഞ്ഞിട്ടില്ല.

തിരുവെഴുത്തുകളിൽനിന്ന് എനിക്കു മനസ്സിലാകുന്ന കാര്യം, വിശ്വാസം പോലെതന്നെ മാനസാന്തരവും രക്ഷയ്ക്ക് ആവശ്യമാണെന്നാണ്, അതോടൊപ്പം പോകുന്ന മാനസാന്തരമില്ലാത്ത വിശ്വാസം അതിനെക്കുറിച്ചു മാനസാന്തരപ്പെടേണ്ടതാണ്.

മാനസാന്തരവും വിശ്വാസവും സയാമീസ് ഇരട്ടകളെപ്പോലെയാണ്. ഒരാൾ രോഗിയാണെങ്കിൽ മറ്റേയാൾക്കുസുഖമായിരിക്കാൻ കഴിയില്ല, കാരണം അവർക്ക് ഒറ്റ ജീവനേയുള്ളൂ. മാനസാന്തരമാണോ ആദ്യം വരുന്നതെന്നു നിങ്ങൾ ചോദിച്ചാൽ, മറ്റൊരു ചോദ്യംകൊണ്ട് അതിന്റെയുത്തരം കണ്ടെത്താം: "ചക്രം തിരിയാൻ തുടങ്ങുമ്പോൾ ആദ്യം നീങ്ങുന്ന ആരക്കാൽ (spoke) ഏതാണ്?"

റൗളൻഡ് ഹിൽസിന്റെ അഭിപ്രായത്തിൽ "സ്വർഗ്ഗത്തിലേക്കു പോകുമ്പോൾ ഉപേക്ഷിക്കാൻ ദുഃഖിക്കുന്ന ഏക കാര്യം മാനസാന്തരത്തിന്റെ മധുരവും സ്നേഹവും ദുഃഖകരവുമായ കൃപയാണ്."

# സ്ത്രീകൾ സഭയിൽ - ഒരു നിശബ്ദ ഭൂരിപക്ഷം - 3

*(തുടർച്ച)*



പ്രൊഫ. പി.പി. സ്കറിയ

**തി**രുവെഴുത്തുകൾ സ്ത്രീകൾക്ക് കൊടുത്തിരിക്കുന്ന പദവിയും അവകാശങ്ങളും പുനഃസ്ഥാപിക്കേണ്ടതാണ് എന്ന വാദം ശക്തിപ്പെട്ടുവരികയാണ്. ഈ അടുത്ത കാലത്തായി നമ്മുടെ മദ്ധ്യത്തിൽപോലും (ബ്രദറൺകാരുടെ) പല പ്രശസ്ത സുവിശേഷകന്മാരും മൂപ്പന്മാരും ഉപദേഷ്ടാക്കന്മാരും സ്ത്രീകൾക്ക് സഭയിലുള്ള പങ്കിനെപ്പറ്റി തെറ്റായി പഠിപ്പിക്കുന്നുണ്ട് എന്ന് ഒരു പ്രസിദ്ധീകരണത്തിൽ എഴുതിയിരിക്കുന്നതായി കാണുകയുണ്ടായി. മുകളിൽ കൊടുത്ത പ്രസ്താവനയിലെ തെറ്റായി എന്ന വാക്ക് ഒഴിവാക്കേണ്ടതാണ് എന്നാണ് ഈ എഴുത്തുകാരന്റെ അഭിപ്രായം. സഭയിൽ സ്ത്രീകളുടെപങ്കിനോടുള്ള ബന്ധത്തിൽ പ്രധാനമായി രണ്ടു രീതിയിലുള്ള സമീപനമാണുള്ളത്. ഇന്നത്തെ സാമൂഹിക, സാംസ്ക്കാരിക പുരോഗതിക്കനുസൃതമായി സ്ത്രീപുരുഷ വ്യത്യാസം പാടെ തുടച്ചു മാറ്റണമെന്നും സഭയിലെ എല്ലാ ശുശ്രൂഷകളും പുരുഷന്മാരോടൊപ്പം തുല്യമായി ചെയ്യുവാൻ സ്ത്രീകൾക്കു അവകാശമുണ്ടെന്നുമാണ് ഒന്നാമത്തെ സമീപനം. അതായത് സഭയുടെ അധികാരകേന്ദ്രങ്ങളായ മൂപ്പൻ, പാസ്റ്റർ, ബിഷപ്പ് തുടങ്ങിയ തസ്തികകൾ എല്ലാം സ്ത്രീകൾക്കും അവകാശപ്പെട്ടതാണ്. മറുവശത്ത്സഭയുടെ ഭരണാധികാരം പുരുഷന്മാരിൽ നിക്ഷിപ്തമായിരിക്കണം, സഭയെ ഭരിക്കാനോ ഉപദേശിപ്പാനോ അവർക്ക് അവകാശമില്ല. പരസ്യമായി സഭയിൽ പ്രാർത്ഥിക്കുകയോ സ്തോത്രം ചെയ്യുകയോ, പ്രവചിക്കുകയോ, വേദപുസ്തകം വായിക്കുകയോ ചെയ്യുവാൻ വചനം അവരെ അനുവദിക്കുന്നില്ല. ചുരുക്കിപ്പറഞ്ഞാൽ സഭയിൽ സ്ത്രീകൾ സംസാരിക്കാതെ മൗനമായിരുന്നുകൊള്ളണം. കൂട്ടത്തിൽ പാടാനും ആമേൻ പറയാനും സഹോദരന്മാരുടെ മഹാമനസ്കതകൊണ്ട് അവരെ അനുവദിച്ചിട്ടുണ്ട്. ഭവനയോഗങ്ങളിൽ ആദ്യത്തേയും അവസാനത്തേയും പ്രാർത്ഥന സ്ത്രീകൾക്ക് നിഷേധിച്ചിരിക്കുന്നു. വളരെ നിർബന്ധമുണ്ടെങ്കിൽ രണ്ടിന്റേയും നടുവിലുള്ള പ്രാർത്ഥന അവർക്കു നൽകാം. ഇവ രണ്ടും കൂടാതെ മറ്റൊരു സമീപനം കൂടിയുണ്ട്. അതിൻപ്രകാരം സ്ത്രീകളും പുരോഹിതവർഗ്ഗത്തിൽപെട്ടവരാകയാൽ സഭയിൽ പ്രാർത്ഥിക്കുവാനും സ്തോത്രം ചെയ്യുവാനും പ്രവചിക്കുവാനും സ്ത്രീകൾക്കു സ്വാതന്ത്ര്യം ദൈവവചനം കൊടുത്തിട്ടുണ്ട്. എന്നാൽ സഭയിൽ ഉപദേശിപ്പാനും പുരുഷന്മാരുടെമേൽ അധികാരം നടത്താനും സ്ത്രീകളെ അനുവദിച്ചുകൂടാ, മൂപ്പന്മാർക്ക് വിധേയമായി മാത്രമേ അവർ ശുശ്രൂഷ ചെയ്യാൻ പാടുള്ളൂ. ഇതിൽ അവസാനത്തെ അഭിപ്രായമാണ് ഈ ലേഖനകർത്താവിന സ്വീകാര്യമായി തോന്നുന്നത്.

സഭാ യോഗങ്ങളിൽ പരസ്യമായി പ്രാർത്ഥിക്കുന്നതിനോ ദൈവത്തെ സ്തുതിക്കുന്നതിനോ വേദപുസ്തകം സ്ത്രീകളെ അനുവദിക്കുന്നില്ലെന്നും ഇപ്രകാരം ചെയ്യാമെന്നു പഠിപ്പിക്കുന്നവർ കടുത്ത ദുരുപദേഷ്ടാക്കന്മാരാണെന്നുമാണ് ചിലരുടെ അഭിപ്രായം. വേദവിപരീതികൾ, വിപരീത ഉപദേശ പ്രവാചകന്മാർ എന്നൊക്കെയുള്ള കടുത്തപദപ്രയോഗങ്ങളാണ് അവർക്കെതിരെ ഉപയോഗിക്കുന്നത്. ആട്ടിൻകൂട്ടത്തെ ആദരിക്കാത്ത കൊടിയ ചെന്നായ്ക്കൾ നിങ്ങളുടെയിടയിൽ കടക്കും. അതുകൊണ്ട് ഉണർന്നിരിക്കണം എന്ന ആഹ്വാനവും ചില ഉപദേഷ്ടാക്കന്മാരിൽ നിന്നും ഉണ്ടാകുന്നുണ്ട്. സ്ത്രീകളുടെ സഭയിലെ ശുശ്രൂഷ ഒരു അടിസ്ഥാന ഉപദേശമായി ബ്രദറൺകാർ ആരും പറയുകയോ എഴുതുകയോ ചെയ്തതായി എന്റെ പരിമിതമായ അറിവിലില്ല. വേർപാടു വിശ്വാസത്തിന്റെ മേന്മകളെക്കുറിച്ച് മഹാകവി കെ.വി. സൈമൺ 'വേർപാടു സഭകളുടെ ചരിത്രത്തിൽ വിശദമായി ചർച്ച ചെയ്തിട്ടുണ്ട്. അവയിലൊന്നും സ്ത്രീകൾ സഭയിൽ മൗനമായിരിക്കണമെന്ന് രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ സഭായോഗങ്ങളിൽ എല്ലാ സഹോദരങ്ങൾക്കും സ്വന്തവരങ്ങൾ പ്രയോഗിക്കുന്നതിനുള്ള സ്വാതന്ത്ര്യമുണ്ട് എന്ന് എഴുതിയിട്ടുണ്ട്. സഹോദരങ്ങൾ എന്ന വാക്കിൽ സഹോദരിമാരും ഉൾപ്പെടുമെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

ബ്രദറൺ സഭകൾക്ക് ഒരു വിശ്വാസപ്രമാണം (Creed) ഉള്ളതായി എനിക്കറിവില്ല. അപ്പൊസ്തോലിക വിശ്വാസപ്രമാണം, നിഖ്യാ വിശ്വാസപ്രമാണം എന്നിങ്ങനെ ആദ്യനൂറ്റാണ്ടുകളിൽ നടന്ന സുന്നഹദോസുകളിൽ ചില വിശ്വാസപ്രമാണങ്ങൾ തയ്യാറാക്കിയിട്ടുണ്ട്.ആംഗ്ലിക്കൻ സഭയ്ക്ക് അവരുടെ മതസംഗതികൾ രേഖപ്പെടുത്തിയ ഒരു പ്രമാണ പ്രബന്ധമുണ്ട്. അതുപോലെ പ്രസ്ബിറ്റേറിയൻകാർക്ക് Westminster Confession ഉണ്ട്. എന്നാൽ നാം മനുഷ്യനിർമ്മിതമായ ചില നിർവചനങ്ങളിൽ ഉപദേശത്തെ പരിമിതപ്പെടുത്തുവാൻ തയ്യാറായിട്ടില്ല. സത്യവേദപുസ്തകത്തെ മാത്രമാണ് സഭയുടെ ആധികാരിക പ്രമാണമായി അംഗീകരിച്ചിരിക്കുന്നത്. വ്യക്തിസ്വാതന്ത്ര്യത്തിലും സ്ഥലം സഭകളുടെ സ്വാതന്ത്ര്യത്തിലും അധിഷ്ഠിതമായ ഒരു സമൂഹമായതുകൊണ്ടായിരിക്കണം ആദ്യകാല ബ്രദറൺകാർ ഒരു Creed ഉണ്ടാക്കാതിരുന്നത് വേദപുസ്തകം മാത്രമാണ് ആധികാരികമായ സഭയുടെ പ്രമാണമായി അംഗീകരിച്ചിരിക്കുന്നത്. വ്യക്തിസ്വാതന്ത്ര്യത്തിലും സ്ഥലം സഭകളുടെ സ്വാതന്ത്ര്യത്തിലും അധിഷ്ഠിതമായ ഒരു സമൂഹമായതുകൊണ്ടായിരിക്കണം ആദ്യകാല ബ്രദറൺകാർ ഒരു Creed ഉണ്ടാക്കാതിരുന്നത്. വേദപുസ്തകം മാത്രമാണ് ആധികാരികമായ സഭയുടെ പ്രാമാണിക ഗ്രന്ഥം വിശ്വസിക്കുമ്പോൾ തന്നെ അതിലെ ചില വാക്യങ്ങളെപ്പറ്റി ഭിന്നാഭിപ്രായങ്ങൾ ഉണ്ടാകാൻ സാധ്യതയേറും. പലപ്പോഴും നമ്മുടെ മുൻ സങ്കൽപ്പങ്ങളും, മുൻവിധികളും നാം അംഗമായിരിക്കുന്ന സഭയുടെ പരമ്പരാഗതമായ വിശ്വാസങ്ങളും നമ്മുടെ വേദപുസ്തക വ്യാഖ്യാനത്തെ സ്വാധീനിക്കാറുണ്ട് എന്നുള്ള്ത് നിഷേധിക്കാനാവില്ല. നാം നിൽക്കുന്ന സഭയുടെ ഉപദേശങ്ങളേയും ആചാരങ്ങളേയും സംരക്ഷിക്കുന്നതിനുവേണ്ടിയാകരുത് നമ്മുടെ വ്യാഖ്യാനങ്ങൾ നമ്മുടെ രീതികൾ എല്ലാം തിരുവെഴുത്തുകൾക്കനുസൃതമാണോ എന്നാണ് നോക്കേണ്ടത്. ആത്മീയപുരോഗതിക്കും നവീകരണത്തിനും അത് അത്യന്താപേക്ഷിതമാണ്.

*(തുടരും)*

*B.C.C.F നിർദ്ദേശങ്ങൾ വിവാദമാകുന്നു*

# വിവാഹ ശുശ്രൂഷ ചെയ്യാൻ ലൈസൻസ് വേണമെന്നോ!

**പി.ഡി. ചാക്കോ, കുറുമാത്തൂർ (കണ്ണൂർ)**



വിവാഹച്ചടങ്ങ് എങ്ങനെ വേണമെന്നു നിശ്ചയിക്കുവാനുള്ള അധികാരം വിവാഹ ശുശ്രൂഷകനാണ്, സഭയ്ക്കല്ല.രണ്ടു സാക്ഷികളുടെ സാന്നിധ്യം മാത്രമേ ആക്റ്റിൽ ആവശ്യപ്പെടുന്നുള്ളു. വരനും വധുവും രക്ഷിക്കപ്പെട്ടു സ്നാനപ്പെട്ടു സഭാബന്ധത്തിലുള്ളവരായിരിക്കണമെന്നോ അവരെ സംബന്ധിച്ച സഭകളുടെ സാക്ഷ്യം വേണമെന്നോ സഭയുടെ ആഭിമുഖ്യത്തിൽ ഒരു ആത്മീയ കൂടിവരവിന്റെ എല്ലാ സ്വഭാവവും ഉൾക്കൊണ്ട് അവിടെ വെച്ചു വിവാഹം നടത്തണമെന്നോ പറയുന്നില്ല. വിവാഹനിശ്ചയം (ഒരു ആത്മീയ കൂടിവരവിൽ വെച്ചു) നടത്തിയ ശേഷം വിവാഹം എന്ന ക്രമവും ആവശ്യമില്ല. ലൈസൻസ് നേടിയ ആരും അതോടു ബന്ധപ്പെട്ട ഈ വ്യവസ്ഥകൾ പാലിച്ചു ആ ക്രമമനുസരിച്ചു വിവാഹം നടത്തിയതായി കേട്ടിട്ടില്ല.അവർ പറയുന്നത് ലൈസൻസ് വാങ്ങിയ ശേഷം അതിലെ വ്യവസ്ഥകൾ പാലിക്കാതെ സഭാരീതിയനുസരിച്ചു വിവാഹം നടത്തുകയാണ്. സഭകളുടെ സ്വാതന്ത്ര്യത്തെയും സാക്ഷ്യത്തെയും അവഗണിക്കുന്നതും ദൈവജനത്തിന്റെയും ബന്ധുമിത്രാദികളുടെയും സാന്നിധ്യം നിർബന്ധമല്ലാത്തതുമായ ഈ രീതിയിലാണോ നമ്മുടെ വിവാഹങ്ങൾ നടക്കേണ്ടത്? ഈ രീതി നമുക്ക് അഭികാമ്യം എന്നു ചിന്തിക്കുവാൻ കഴിയുമോ? ലൈസൻസ് വാങ്ങിയാൽ അതിന്റെ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടു പ്രവർത്തിക്കണം. അല്ലെങ്കിൽ നാം ചെയ്തുപോരുന്നതുപോലെ വചനാനുസരണം നടത്തണം. അതിനു ലൈസൻസ് ആവശ്യമില്ല.

പട്ടത്വസഭകൾ മാത്രമുണ്ടായിരുന്ന ഒരു കാലത്ത് ബ്രിട്ടീഷ്-ഇന്ത്യൻ ഭരണാധികാരികളാണ് 18-07-1872ന് ഈ നിയമം പാസ്സാക്കിയത്. ഇതിൽ നമുക്ക് അവലംബിക്കുവാൻ കഴിയുമായിരുന്നത് ദൈവിക നിയമനം (കൃപാവരം) ലഭിച്ച ശുശ്രൂഷകന്മാരെ ക്ഷണിച്ച് സ്ഥലംസഭകളുടെയും ദൈവമക്കളുടെയും സാന്നിദ്ധ്യത്തിൽ ഇന്നു നടന്നുവരുന്നതുപോലെ ചെയ്യുക എന്ന രീതി മാത്രമായിരുന്നു. കഴിഞ്ഞ 110 വർഷങ്ങളായി നമ്മുടെഇടയിൽ ഇപ്രകാരം നടന്നുകൊണ്ടിരിക്കുന്ന വിവാഹങ്ങൾക്ക് തീർച്ചയായും ദൈവത്തിന്റെയും ഗവണ്മെന്റിന്റെയും അംഗീകാരമുണ്ട്. നമ്മുടെ ഇടയിലെ ലൈസൻസ്ധാരികൾ നടത്തുന്ന വിവാഹത്തിന് ദൈവത്തിന്റെയോ ഗവണ്മെന്റിന്റെയോ അംഗീകാരമുണ്ടെന്നു പറയുവാൻ ബുദ്ധിമുട്ടുണ്ട്, കാരണം അവർ ഇതിൽ ഒന്നിന്റെപോലും വ്യവസ്ഥകൾ പാലിക്കുന്നില്ലല്ലൊ.

എന്നാൽ നമ്മുടെ ഈ വിഷമസ്ഥിതിക്ക് ഇപ്പോൾ പ്രസക്തിയില്ല. 29-2-2008 മുതൽ "കേരളാ രജിസ്ട്രേഷൻ ഓഫ് മാര്യേജസ് (കോമൺ) റൂൾസ് 2008" നിലവിൽ വന്നതോടെ കാര്യങ്ങൾ ലളിതമായിരിക്കുകയാണ്. "2008-ലെ കേരളാ ക്രിസ്ത്യൻ മാര്യേജസ് ബിൽ" എന്ന ഒരു ബില്ലും നിയമമാക്കി മാറ്റുവാൻ ശ്രമം നടക്കുന്നുണ്ട്.പ്രസ്തുത ബില്ലിലെ 5-ാം ഖണ്ഡികയിൽ ഏതൊരു സഭാശുശ്രൂഷകനും വിവാഹം നടത്താം എന്നും 'സഭാനിയമമനുസരിച്ച് നിയോഗിക്കപ്പെട്ട (ordained) ശുശ്രൂഷകനാണ് സഭാശുശ്രൂഷകൻ'എന്നും 'സഭാനിയമം' എന്നു പറഞ്ഞാൽ 'ഏതെങ്കിലും സഭാസമൂഹത്തിന്റെ ആചാരാനുഷ്ഠാനങ്ങളും സമ്പ്രദായങ്ങളും ഉൾപ്പെട്ടതാണ്' എന്നും നിർവ്വചിച്ചിട്ടുണ്ട്. വേദപുസ്തകം മാത്രം പ്രമാണമാക്കുന്ന ബ്രദറൺ സമൂഹത്തെ സംബന്ധിച്ചിടത്തോളം ദൈവം കൃപാവരവും പ്രാപ്തിയും നല്കി നമ്മുടെ മദ്ധ്യേ നിയോഗിച്ചിരിക്കുന്നവരാണ് (മാനുഷികനിയമനം ലഭിച്ചവരല്ല) മറ്റേതു ശുശ്രൂഷയ്ക്കും എന്നപോലെ വിവാഹശുശ്രൂഷ നടത്തുവാനും യോഗ്യർ (എഫെ. 4:11-16; 1 പത്രൊ. 4:10, 11; യോഹ. 15:16) എന്നും, ആ ശുശ്രൂഷ നിർവ്വഹിക്കുന്നതിന് ലൈസൻസല്ല, ക്രിസ്തുവിന്റെ സ്നേഹവും സഭകളുടെ (ദൈവജനത്തിന്റെ) കൂട്ടായ്മയും പ്രാർത്ഥനയുമാണ് ആവശ്യമെന്നും നാം നാം ബോദ്ധ്യമുള്ളവരായിരിക്കേണ്ടതാണ്.

ബഹുമാനപ്പെട്ട സുപ്രീം കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ (2006 (1) കെ.എൽ.റ്റി. 791 എസ്.സി) എല്ലാ സംസ്ഥാനസർക്കാരുകളോടും അതാതു സംസ്ഥാനങ്ങളിൽ നടക്കുന്ന എല്ലാ വിവാഹങ്ങളും മതഭേദമെന്യേ രജിസ്റ്റർ ചെയ്യുന്നതു നിർബന്ധമാക്കുന്നതിന് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്ഷണിച്ചതിനു ശേഷം ചട്ടങ്ങൾ ഉണ്ടാക്കുവാൻ നിർദ്ദേശിച്ചതിനാലും 16-11-2006 ലെ 1835-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ച 2006ലെ കരടു കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾക്കു പ്രതികരണമായി കേരളസർക്കാരിന് പൊതുജനങ്ങൾ, മതവിഭാഗങ്ങൾ, വകുപ്പുതലവന്മാർ മുതലായവരിൽ നിന്നും വിവിധതരത്തിലുള്ള ആക്ഷേപങ്ങളും നിർദ്ദേശങ്ങളും ലഭിച്ചതിനാലും; ഇപ്പോൾ അതിനാൽ കേരളസർക്കാർ എല്ലാ ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് 2008ലെ കേരളാ വിവാഹ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ പൊതുജനങ്ങളുടെ അറിവിലേയ്ക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു."

വിവാഹവും വിവാഹരജിസ്ട്രേഷനും രണ്ടായി കാണേണ്ടതാണ്, ദൈവമക്കളുടെ വിവാഹം, ബൈബിൾനിയമങ്ങളനുസരിച്ചും, നമ്മുടെ മുൻഗാമികൾ കാണിച്ചുതന്ന മാതൃകപ്രകാരവും, ദൈവമക്കളുടെയും ബന്ധുമിത്രാദികളുടെയും സാന്നിധ്യത്തിലും, തികഞ്ഞ ആത്മീകാന്തരീക്ഷത്തിൽ നടത്തേണ്ടതാണ്.

*(തുടരും)*

# സുവിശേഷീകരണവും സ്ഥലം സഭയുടെ പങ്കാളിത്വവും



**റെജി ഈട്ടിമൂട്ടിൽ**

വിശ്വചരിത്രത്തിന്റെ ഗമനസരണിയിൽ സഭ നേരിട്ട വൈതരണികൾ ബഹുവിധമാണ്. സഭാകാന്തൻ മുൻപറഞ്ഞതുപോലെ പാതാളഗോപുരങ്ങൾക്ക് സഭയുടെ മേൽ പ്രബലപ്പെടാനായില്ല. (മത്താ. 16:18) ബാഹ്യവും ആന്തരികവുമായ പോരാട്ടത്തിൽ; ആളിക്കത്തുന്നതെങ്കിലും എരിഞ്ഞടങ്ങാത്ത മോശെയുടെ മുൾപ്പടർപ്പിന് സമാനമായി (പുറ. 3) ക്രിസ്ത്യാനിത്വത്തിന്റെ നിലനിൽപ്പ് ചരിത്രകാരന്മാർക്കുപോലും ആശ്ചര്യമത്രെ. മൗതികവും, ഭൗതികവും, ബൗദ്ധികവും, സൈദ്ധാന്തികവുമായ ബഹുശതം പ്രജണ്ഡവാതങ്ങൾ ശക്തമായി വീശിയടിച്ചിട്ടും; ആഴക്കടലിൽ നങ്കൂരമുറപ്പിച്ച് അചഞ്ചലമായി നിലനിൽക്കുന്ന ഒരു കൂറ്റൻ യാനപാത്രം പോലെ ക്രിസ്തുസഭ ഇന്നും നിലകൊള്ളുന്നു.

ഇരുപത്തിയൊന്നാം ശതാബ്ദത്തിന്റെ അകത്തളത്തിലും സഭയുടെ മുഖ്യമായ വെല്ലുവിളി ലോകസുവിശേഷീകരണമാണ്. നവ്യത തേടി ലോകത്തിന് ചിത്തഭ്രമം പിടിച്ചിരിക്കുമ്പോഴും സഭയുടെ ദൗത്യം പഴയതുതന്നെ. രാഷ്ട്രീയ പ്രത്യാശാസ്ത്രങ്ങൾ പൊളിച്ചെഴുതി കാലോചിതമാക്കുമ്പോഴും മതങ്ങൾ തങ്ങളുടെ കർമ്മമുഖം തിരുത്തിക്കുറിക്കുമ്പോഴും സഭയുടെ സന്ദേശത്തിന് തിരുത്തലില്ല.

ലോകത്തിന് മുമ്പിൽ അഭിമാനപൂർവ്വം അവതരിപ്പിക്കാവുന്ന അനിതരസാധാരണ സന്ദേശമത്രെ സുവിശേഷം. ക്രൂശിന്റെ സന്ദേശം മാനവരിൽ വരുത്തിയ ഐതിഹാസ്യമായ പരിവർത്തനം സ്മരണീയമാണ്. ലോകസാഹിത്യത്തിൽ ബൈബിൾ സാഹിത്യത്തിനുള്ള പങ്ക് സീമാതീതമാണ്. അവനിമുഖത്ത് ഏറ്റമധികമാളുകൾ ചെയ്യുന്ന കർമ്മം ആനുപാതികമായി പറഞ്ഞാൽ സുവിശേഷവേലയും കൂടുതൽ പണം വിനയോഗിക്കപ്പെടുന്നതും ഈ രംഗത്താണ്. അത്യാധുനിക മാധ്യമങ്ങൾ ഒക്കെ ഈ ഈ ആത്യാത്മിക മേഖലയിൽ പ്രയോജനപ്പെടുത്തി വരുന്നത് ശ്ലാഘനീയം തന്നെ.

പിന്നെന്തേ മാനവജനപദങ്ങളിൽ ഏറിയ പങ്കും സുവിശേഷം അറിയാത്തവരായിരിക്കുന്നു. സുവിശേഷീകരണം ഒരു മരീചികയെ പോലെ നമുക്കകലെ ഓടി മറയുന്നു? ഒരന്വേഷണമാണീ "ചെറിയാക്ഷരങ്ങൾ".

1. എന്താണ് സുവിശേഷീകരണം?

ആധുനിക ചിന്താധാരകൾക്കനുസൃതമായി സുവിശേഷത്തെ മാറ്റുകയോ; ലോകത്തിന്റെ പ്രശംസതേടി അതിൽ മായം കലർത്തുകയോ, മറച്ചുപിടിക്കുകയോ ചെയ്തുകൊണ്ടാണ് അനേകം ക്രൈസ്തവസമൂഹങ്ങളും സുവിശേഷം പങ്കുവയ്ക്കുന്നത്. സുവിശേഷീകരണം എന്നല്ല.

(a) സൽകർമ്മം

ആതുര സേവനരംഗത്ത് അസൂയാവഹമായ കുതിച്ചു ചാട്ടമാണ് ദൈവജനത്തിന്റെ ഭാഗത്തുണ്ടായികൊണ്ടിരിക്കുന്നത്. സൽകൃത്യങ്ങൾക്ക് മുൻതൂക്കം നൽകുന്ന ലോകമതങ്ങൾക്കപ്പുറം പോകുവാൻ ദൈവജനം കാട്ടുന്ന ഉത്സാഹം സ്വാഗതാർഹമാണ്. നിങ്ങളുടെ നീതി പരീശന്മാരുടെ നീതിയെ കവിയണമെന്നാണ് കർത്താവ് അരുളിച്ചെയ്തത്. ഒരു ഭിക്ഷുവിന് അന്നവസ്ത്രാദിനന്മകൾ നൽകുന്നതിലൂടെ സുവിശേഷീകരണം നടന്നുവെന്ന് ചിന്തിക്കുന്നത് അപകടമാണ്. ഒരുവനെ സുവിശേഷവൽക്കരിക്കുവാനുള്ള വാതായനമായി സൽകർമ്മങ്ങൾ തീർന്നേക്കാം. അതവന്റെ ശരീരാവശ്യങ്ങൾക്കുള്ളതത്രെ. അവന്റെ ആത്മാവിന്റെ തീരാത്ത ദാഹം സുവിശേഷത്തിന് മാത്രമേ ശമിപ്പിക്കാനാവൂ.

(b)ഭൗതീക വിടുതൽ

കടക്കെണി, തീരാവ്യാധികൾ, തൊഴിലില്ലായ്മ ഇവയെല്ലാം സാമാന്യ-ശ്രേഷ്ഠ മനുഷ്യരുടെ സാർവ്വജ്ഞനീയ പ്രശ്നമായി തീർന്നിരിക്കുകയാണ്. ഇവ മുതലെടുത്തുകൊണ്ട്; അത്ഭുതരോഗശാന്തി ശുശ്രൂഷകളും, ശാപമുറിക്കലും, വിടുതലിൻ ശുശ്രൂഷകളും ഇന്ന് അരങ്ങ് തകർക്കുകയാണ്. ഇവയിൽ സംബന്ധിക്കുന്ന പലരും വൈകാരികമായി സന്തുഷ്ടരാകുന്നു. തങ്ങൾ രക്ഷിക്കപ്പെട്ടുവെന്നാണീ പാവങ്ങൾ ധരിച്ചിരിക്കുന്നത്; സംഘാടകരും.

(c) ബോധവൽക്കരണം

ആത്മഹത്യ, മദ്യപാനം, പെൺവാണിഭം, ഭീകരവാദം ഇവ സമൂഹത്തിന്റെ ഏറ്റം വലിയ പ്രശ്നമായി തീർന്നിരിക്കുന്നു. ഇവരെ ബോധവൽക്കരിച്ച് സൽസ്വഭാവികളാക്കി മാറ്റുന്നതിൽ നമ്മുടെ സാമൂഹ്യ പ്രവർത്തകർക്കൊപ്പം നാമും മുൻകൈയെടുക്കേണ്ടതാണ്. എന്നാൽ ഈ ബോധവൽക്കരണം സുവിശേഷീകരണമായി കാണാൻ പാടില്ല.

സാമൂഹ്യതിന്മകളിൽ നിന്നും ഒരുവൻ മാറി സൽസ്വഭാവിയായി ജീവിച്ചാൽ അവന് ലഭിക്കാതിരിക്കുന്നത് ജയിലും; ലഭിക്കുന്നത് സാമൂഹ്യജീവിതവും, മാന്യതയുമാണ്. എന്നാൽ സുവിശേഷത്താൽ വീണ്ടും ജനിക്കുമ്പോൾ ഒരുവന് ആത്മീക ജീവിതവും സ്വർഗ്ഗവും ലഭിക്കുന്നു.

രാജ്യനിയമങ്ങൾക്കും, മതവിലക്കും, സാമുദായിക പ്രീണനവും മുമ്പിൽ കണ്ട് സുവിശേഷീകരണയാത്രയെ കുറ്റകൃത്യങ്ങൾക്ക് എതിരെയുള്ള ബോധവൽക്കരണമാക്കുന്നത് വർജ്ജനീയമാണ്. സാത്താനുമുമ്പിൽ സഭ പാദപതിതയാകരുത്. ജാഗ്രത!!

*(തുടരും)*

# ബ്രദറൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് ബ്രദറൺ സമൂഹത്തിന് പൊൻതൂവൽ



*ഡോ. ഒ.എം. ശാമുവേൽ*
*(പ്രിൻസിപ്പൽ, ബി.ബി.ഐ., പത്തനംതിട്ട)*



*ബി.ബി.ഐ. ട്രസ്റ്റ് മെമ്പേഴ്സ്. ഇരിക്കുന്നവർ: ഇടത്തുനിന്നും കെ.സി. ജോൺ, എം.റ്റി. ജോർജ്, കെ. എ. ഫിലിപ്പ്, കെ.വി. കോശി, റ്റി.എം. സ്കറിയ. നിൽക്കുന്നവർ: ഇടത്തുനിന്നും എ.കെ. തോമസ്, സാം റ്റി. സാം, റ്റി.സി. തോമസ്, ഒ.റ്റി. ചെറിയാൻ*

**പത്തനംതിട്ട:** വേർപാട് സഭകളുടെ ആരംഭം പോലെ; നമ്മുടെ മദ്ധ്യേയുള്ള ഒരു കൂട്ടം ആത്മീയരായ പിതാക്കന്മാരുടെ പ്രാർത്ഥനയ്ക്കും വചനധ്യാനത്തിനുമായുള്ള ഒത്തുചേരലാണ് ഇന്നത്തെ ബി.ബി.ഐ.യുടെ ആരംഭത്തിന് കാരണമായത്. ഒരു ചെറിയ ആരംഭത്തിന്റെ വികസിത രൂപമാണ് ബ്രദറൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട്. ഒരു ധ്യാനയോഗമായി തുടങ്ങി സുവിശേഷീകരണ സംഘമായി വളർന്ന് ഒരു ആധികാരിക ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടായി നമ്മുടെ ഇടയിൽ തലയെടുപ്പോടെ നിൽക്കുന്നു. 'സുവിശേഷാലയം' എന്ന പേരോടെയാരംഭിച്ച ഈ മഹത് സംരംഭം 1950കളിൽ ശക്തിപ്പെട്ടു.സുവിശേഷാലയം പരസ്യവേല, സംയുക്തസഭായോഗം, ബാലസംഘം, സഹോദരിസമാജം തുടങ്ങിയ ശുശ്രൂഷകൾക്ക് സൗകര്യവും സഹായവുമായി മുന്നിട്ടു നിൽക്കുന്നു. 1966-ൽ കൺവൻഷൻ ഗ്രൗണ്ടായി വാങ്ങിയ പത്തനംതിട്ടയിലെ സുവിശേഷാലയം നിൽക്കുന്ന സ്ഥലത്ത് 1980-ൽ, ഇന്നു കാണുന്ന മെയിൻ ബിൽഡിംഗ് പണിയാരംഭിച്ചു. 1989-ൽ സുവിശേഷാലയത്തിലാണ് B.B.I. തുടക്കം. 20 വർഷങ്ങൾ സുവിശേഷാലയത്തിൽ തുടർന്ന ബി.ബി.ഐ. 2009 മെയ് 11-ാം തീയതി പരിയാരത്ത് നിർമ്മിച്ച പുതിയ ക്യാമ്പസിൽ പ്രവർത്തനമാരംഭിച്ചു. അധികം സൗകര്യങ്ങളുള്ള ക്യാമ്പസ് ആത്മീക-ശാന്തമായ അന്തരീക്ഷത്തോടുകൂടിയതാണ്.

കറതീർന്ന ബൈബിൾ പാഠ്യവിഷയങ്ങളുടെ മികച്ച അദ്ധ്യാപനമാണിവിടെയുള്ളത്. ഉപദേശത്തിലും ജീവിതത്തിലും വിശുദ്ധിയുള്ള ദൈവമനുഷ്യരായ അദ്ധ്യാപകരാണിവിടെ വചനം അഭ്യസിപ്പിക്കുന്നത്. ദൈവജനത്തിന് സുപരിചിതനും, ആദരണീയനുമായ Dr. O.M.ശാമുവേൽ B.B.I. പ്രിൻസിപ്പലായി പ്രവർത്തിച്ചു വരുന്നു. Dr. K.C. ജോൺസൺ B.B.I.യുടെ അക്കാഡമിക് ഡീൻ ആയും, സേവനമനുഷ്ഠിക്കുന്നു. ആത്മീയതയെ സ്നേഹിക്കുന്ന സമുന്നതരായ ഒരു പറ്റം ശ്രേഷ്ഠ ദൈവദാസന്മാർ B.B.I. ട്രസ്റ്റ് മെമ്പേഴ്സായി പിമ്പിലുള്ളത് പ്രശംസനീയമാണ്.

കഴിഞ്ഞ20 വർഷത്തിനുള്ളിൽ അനേകം യുവപ്രതിഭകളെ സുവിശേഷ അടർക്കളത്തിൽ കർത്താവിന്റെ സേനയിൽ മുൻനിർത്തുവാൻ കഴിഞ്ഞതിൽ അനുമോദനമർഹിക്കുന്നു. ദൈവവേലക്കായി വേർതിരിഞ്ഞ സഹോദരന്മാരെ അവരുടെ വേലയോടൊപ്പം പ്രാർത്ഥിക്കുകയും സാമ്പത്തിക പിൻബലം നൽകുകയും ചെയ്യുന്ന മാതൃക പ്രശംസനീയമാണ്.

വചനപഠനരംഗത്ത് താത്വീകമായ അറിവ് മാത്രമല്ല, പ്രയോഗികജ്ഞാനം കൂടെ അനിവാര്യമാണ്. ഈ ഉൾക്കാഴ്ചയും B.B.I.യുടെ നേതൃത്വത്തിനുണ്ട്. ഇൻഡ്യയുടെ വിവിധ ഭാഗങ്ങളിൽ നടത്തപ്പെടുന്ന Gospel Outreach Program ഇതിന്റെ തെളിവത്രെ. ആധികാരികമായ ബൈബിൾ അക്കാഡമിക് ഡിഗ്രികൾ കരസ്ഥമാക്കുവാൻ B.B.I. ബ്രദറൺ യുവാക്കൾക്ക് മുതൽക്കൂട്ടാണ്.കൂടാതെ ബൈബിൾ കറസ്പോണ്ടൻസ് കോഴ്സുകളും B.B.I.യ്ക്കുണ്ട്. ഓരോ വർഷവും പ്രവർത്തന റിപ്പോർട്ടും വരവ്-ചിലവ് കണക്കുകളും ദൈവജനസമക്ഷം അവതരിപ്പിക്കുന്നത് സുതാര്യതയുടെയും, ഉത്തരവാദിത്തത്തിന്റെയും വ്യക്തതയാണ്. B.B.I.യുടെ ഉയർച്ചയ്ക്കും നിലിൽപ്പിനും ജീവവചനത്തിന്റെ മംഗളങ്ങൾ നേരുന്നു.

## ബി.ബി.ഐ. യിലെ പുതിയ കെട്ടിടത്തിന്റെ വിവിധ ദൃശ്യങ്ങൾ









## സത്യം പബ്ലിക്കേഷൻസിന്റെ

# അക്ഷരഖനി



*5000 ച. അടി വിസ്തീർണ്ണത്തിൽ അതിവിശാലമായ പുസ്തകശാല*

**സത്യകൂടാരം, തിരുവല്ല**

യാത്രാമദ്ധ്യേ ലഭിച്ച ഒരു ലഘുലേഖ എന്റെ ജീവിതം മാറ്റിമറിച്ചു. വായനയുടെ ലോകം! അത്ഭുതലോകം! അക്ഷരത്തിലൂടെ ആത്മാക്കൾ എന്ന ലക്ഷ്യം എനിക്ക് ദിശാബോധം നല്കി. വായനയുടെ ലോകത്തേക്ക് വിനയത്തോടെ സ്വാഗതം ചെയ്യുന്നു. പുസ്തകം വില കൊടുത്ത് വാങ്ങണമെന്നില്ല. അക്ഷരഖനിയിൽ വന്നിരുന്ന് വായിക്കാമാത്രം ചെയ്യൂ.

സ്നേഹത്തോടെ

**ഡോ. സി.വി. വടവന**

ക്രൈസ്തവ പുസ്തക പ്രസാധനം ലോക നിലവാരത്തിലെത്തിച്ച സത്യം പബ്ലിക്കേഷൻസിന്റെ ഒന്നാംകിട ഗ്രന്ഥങ്ങൾക്കൊപ്പം ലോകമെമ്പാടുമുള്ള വിദേശ പ്രസാധകരുടെ പുസ്തകങ്ങളും വമ്പിച്ച ആദായനിരക്കിൽ ഇവിടെ നിങ്ങൾക്ക് വാങ്ങാം. ബൈബിൾ സാഹിത്യത്തിന്റേയും വിജ്ഞാനത്തിന്റേയും സർവ്വമണ്ഡലവും ഉൾക്കൊള്ളുന്ന വമ്പിച്ച ശേഖരം.

## Sathyam Publications

Thottabhagom P.O, Thiruvalla - 689 541,
Kerala, S. India.
Tele/Fax: 0469 - 2619657, 2619209, 2619005
Mobile: 9447126182, 9446026182
E-Mail: satyam_india@yahoo.com,
office@truthintl.org,
Website: www.truthintl.org

VIP
ബുക്ക് ക്ലബ് അംഗങ്ങൾക്ക് പ്രത്യേക വിലക്കിഴിവ്

- വിവിധതരം ബൈബിളുകൾ,
- സി.ഡി.കൾ, കാസറ്റുകൾ,
- ബൈബിൾ ഡിക്ഷ്ണറി,
- ഭാഷ്യങ്ങൾ, കമന്ററികൾ, വാക്യബോർഡുകൾ,
- വിവാഹ സമ്മാനങ്ങൾ,
- കർതൃമേശ സാധനങ്ങൾ, സ്തോത്രകാഴ്ച സഞ്ചികൾ,
- വീഡിയോ കാസറ്റുകൾ, സ്റ്റിക്കറുകൾ, വ്യത്യസ്ത ഗ്രന്ഥങ്ങൾ.

**5% മുതൽ 70% വരെ വിലക്കിഴിവ്**

# ബ്രദറൺ സഭാ വാർത്തകൾ

## സ്ഥലം സഭ

### പാലൂർക്കാവ് ബ്രദറൺ അസംബ്ലി, ഇടുക്കി

**പാലൂർക്കാവ്:** കത്തോലിക്കാ സമുദായത്തിൽ നിന്നും, കരിസ്മാറ്റിക് പ്രസ്ഥാനത്തിൽ നിന്നും കടന്നു വന്ന സഹോദരങ്ങൾ ചേർന്ന് 1999ൽ ആരംഭിച്ച പാലൂർക്കാവ് ബ്രദറൺ സഭയുടെ പ്രവർത്തനങ്ങൾ അനുഗ്രഹമായി മുമ്പോട്ടു പോകുന്നു. പത്തിലധികം കുടുംബങ്ങൾ സ്ഥിരമായി ആരാധനയ്ക്ക് സംബന്ധിക്കുന്ന ഇവിടെ ആരാധന ഒരു മൂപ്പന്റെ ഭവനത്തിൽവെച്ചാണ് നടക്കുന്നത്. ഇവിടെയുള്ള സഭാജനങ്ങളുടെ പരിശ്രമത്താൽ സ്ഥലം വാങ്ങുവാൻ സാധിച്ചു. സഭാഹാൾ പണിയുവാൻ ഏകദേശം പത്ത് ലക്ഷത്തിലധികം രൂപ ഉടനെ ഉണ്ടാകേണ്ടിയിരിക്കുന്നു. ദൈവജനത്തിന്റെ ആത്മാർത്ഥമായ പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിക്കുന്നു.

### ഹിസ്സാർ ബ്രദറൺ അസംബ്ലി

ഹിസ്സാർ ബ്രദറൺ സഭയിലെ സഹോദരങ്ങൾ അറിയിക്കുന്നത്: ദൈവത്തിന്റെ കൃപയാൽ ഇവിടെയുള്ള പ്രവർത്തനങ്ങൾ അനുഗ്രഹമായി നടത്തുന്നു. 19 വർഷമായി വാടക വീട്ടിൽ ആരാധനയും, മറ്റു മീറ്റിംഗുകളും നടന്നുവരുന്നു. അനേക ദൈവമക്കളുടെ പ്രാർത്ഥനയുടേയും സഹായസഹകരണത്തിന്റെയും ഫലമായി സഭയ്ക്കായി സ്ഥലം വാങ്ങുവാൻ കർത്താവ് കൃപ ചെയ്തു. അതിൽ ഒരു സഭാഹാൾ പണിയുവാൻ 12 ലക്ഷം രൂപ ചിലവ് വരും. സഭയായി ഞങ്ങൾ 2.5 ലക്ഷം രൂപ സ്വരൂപിച്ചിട്ടുണ്ട്. ബാക്കി പണം ഉണ്ടാകേണ്ടിയിരിക്കുന്നു. ദൈവമക്കളുടെ പ്രാർത്ഥനയും സഹകരണവും ഈ വിഷയത്തിൽ പ്രതീക്ഷിക്കുന്നു.

സാമ്പത്തികകൂട്ടായ്മ താഴെ കൊടുത്തിരിക്കുന്ന അഡ്രസ്സിൽ അയച്ചാലും.

Hissar Brethren Fellowship, A/c. No. 2990101000692, Hisar II, Canara Bank (IFS Code: CNRB 0002990)

വിലാസം:

Hissar Brethren Fellowship,
C/o. Samuel Kutty M.C.,
P.B.No. 10, 284 D.N.Colony,
Model Town P.O. ,
Hisar-125 005, Haryana.
Mob: 09416780320

## അഭ്യർത്ഥന

**കോട്ടയം:** പൂതകുഴി ശാലേം ബ്രദറൺ സഭാംഗവും പയ്യപ്പാടി ബ്രദറൺ സഭാ ശുശ്രൂഷകനുമായിരുന്ന ബ്രദർ മാത്യു കൊടിത്തോട്ടം തന്റെ 52-ാമത്തെ വയസ്സിൽ 2011 ആഗസ്റ്റ്മാസം 8-ാം തീയതി തന്റെ വേലതികച്ച് കർതൃസന്നിധിയിൽ ചേർക്കപ്പെട്ടു.

താൻ വിട്ടേച്ചു പോയിരിക്കുന്ന ഭവനത്തിൽ ഭാര്യ സുജാത മാത്യുവും, 14 വയസ്സുള്ള മകൻ അലക്സി മാത്യുവും, 12 വയസ്സുള്ള മകൾ സോഫിയാ മാത്യുവും (ഇരുവരും വിദ്യാർത്ഥികൾ), 80 വയസ്സുള്ള പിതാവും, 78 വയസ്സുള്ള മാതാവും ഉണ്ട്. 65 വർഷത്തോളം പഴക്കമുള്ള ചെറിയ ഒരു വീട് മാത്രമാണുള്ളത്. വളരെ ബുദ്ധിമുട്ടിൽ ഈ ഭവനം ആയിരിക്കുന്നു.

ഏകദേശം 7 വർഷത്തിലധികം നീണ്ടുനിന്ന ചികിത്സയ്ക്ക്, താൻ വിധേയനാകേണ്ടി വന്നു. ലിവറിന്റെ അസുഖമായിരുന്നതുകൊണ്ട് ചികിത്സ ചിലവേറിയതായിരുന്നു. വീടിന്റെ നവീകരണത്തിനു വേണ്ടി താൻ ആരംഭിച്ച ശ്രമം ചികിത്സയുടെ ചിലവുകൾ മൂലം പൂർത്തീകരിക്കുവാൻ കഴിഞ്ഞില്ല.

വീടിന്റെ പൂർത്തീകരണത്തിനു തന്നെ മൂന്നുലക്ഷം രൂപയെങ്കിലും ആവശ്യമാണ്. കുട്ടികൾ രണ്ടു പേരുടേയും വിദ്യാഭ്യാസം, ദൈനംദിനാവശ്യങ്ങൾ, രോഗികളായ മാതാപിതാക്കന്മാരുടെ ചികിത്സാ മുതലായവ ഇവരുടെ അടിസ്ഥാന ആവശ്യങ്ങളാണ്.

ആയതിനാൽ ദൈവജനത്തിന്റെ പ്രാർത്ഥനയും, സാമ്പത്തിക സഹകരണവും ഈ ഭവനത്തോടുണ്ടാവണമെന്ന് ഞങ്ങൾ സഭയായി ദൈവനാമത്തിൽ വളരെ വിനയമായി അഭ്യർത്ഥിച്ചുകൊള്ളുന്നു

കൂട്ടായ്മകൾ അയയ്ക്കേണ്ടുന്ന വിലാസം:

Sr. സുജാത മാത്യു
കൊടിത്തോട്ടം,
കുമ്പന്താനം
പൂതകുഴി പി.ഒ., പാമ്പാടി
കോട്ടയം - 686521
കേരളാ.
Mobile: 9495214347
Bank A/c. No. 20087003171
SBI Kangazha, Kottayam
IFSE: SBIN0008624
SWIFT: SBININBB396

## കമന്റേഷൻ

**തൃശ്ശൂർ:** താളിക്കുണ്ട് ബ്രദറൺ സഭാംഗമായ സഹോദരൻ കെ.കെ. ഉണ്ണിമോൻ 15 വർഷങ്ങൾക്കു മുമ്പ് ഹൈന്ദവ പശ്ചാത്തലത്തിൽ നിന്നും രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ഈ സഭാ കൂട്ടായ്മയിലേക്ക് വന്ന ഒരു സഹോദരനാണ്. തനിക്ക് ഭാര്യയും 2 മക്കളുമുണ്ട്. അവരും വിശ്വാസത്തിലും, സഭയിലെ സജീവ അംഗങ്ങളുമാണ്.

സഹോദരന് സുവിശേഷവേലയ്ക്കുള്ള ദൈവവിളി ഉണ്ടായതിനെ തുടർന്ന് കഴിഞ്ഞ 5 വർഷത്തോളമായി സഭയോട് ചേർന്ന് വിവിധ സ്ഥലങ്ങളിൽ സുവിശേഷത്തിന് സാക്ഷ്യം വഹിച്ചും, സഭയുടെ വിവിധങ്ങളായ ആത്മീകശുശ്രൂഷകളിൽ ആത്മാർത്ഥമായി സഹകരിച്ചും വരുന്നു.

സുവിശേഷവേലക്കുള്ള പ്രിയ സഹോദരന്റെ വിളിയും, ഹൃദയഭാരവും സ്ഥലം സഭയ്ക്ക് ബോദ്ധ്യമായതിനാൽ സഹോദരൻ കെ.കെ. ഉണ്ണിമോനെ ഒരു സുവിശേഷകനായി സഭ പ്രാർത്ഥിച്ച് അംഗികരിച്ചിരിക്കുന്നു. അതോടൊപ്പം സഭ സഹോദരനെ കമന്റ് ചെയ്ത് ദൈവജനത്തിനു മുമ്പാകെ പരിചയപ്പെടുത്തുന്നു.

ദൈവജനം ഈ സഹോദരനേയും കുടുംബത്തേയും പ്രാർത്ഥനയിൽ ഓർക്കണമെന്നും ശുശ്രൂഷയിൽ പ്രോത്സാഹിപ്പിക്കണമെന്നും കർത്തൃനാമത്തിൽ അഭ്യർത്ഥിച്ചു കൊള്ളുന്നു.


സഭയ്ക്കുവേണ്ടി സഹോദരന്മാർ: ബാബു വർഗ്ഗീസ്, വി.എ. ജോസഫ്, സി.പി. മണി.

**സഹാദരന്റെ വിലാസം:-**
Evangelist K.K. Unnimon
Kallingaparambil House
P.O. Assarikkad,
Murikkumkundu,
Thrissur - 680 751,
Kerala.


## നിര്യാതരായി



**നെല്ലിക്കുന്ന്:** കൊല്ലേലി പരേതനായ ജോണിയുടെ ഭാര്യ സാറാമ്മ ജോണി (71) ഒക്ടോബർ 29ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. നെല്ലിക്കുന്ന് ആർ.ജി. എൽ.പി. സ്കൂൾ അദ്ധ്യാപികയായി സേവനമനുഷ്ടിച്ചിട്ടുണ്ട്. സംസ്കാരം നവംബർ 1ന് നെല്ലിക്കുന്ന് ബ്രദറൺ അസംബ്ലിയുടെ ആഭിമുഖ്യത്തിൽ സഭാ സെമിത്തേരിയിൽ വെച്ച് നടത്തി. ദുഃഖിതരായ കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**കൊല്ലകടവ്:** അറയ്ക്കൽ തെക്കേ അറ്റത്തേതിൽ ടി. എം. ജോർജ്ജ് (88) നിര്യാതനായി. സംസ്കാരം 7ന് ഉച്ചയ്ക്ക് രണ്ടു മണിക്ക് വസതിയിൽ ശുശ്രൂഷയ്ക്കുശേഷം ചെറിയനാട് ബ്രദറൺ സെമിത്തേരിയിൽ നടത്തി. ഭാര്യ: ചെല്ലമ്മ. മക്കൾ: അമ്മിണി, സിംസൺ, മൈക്കിൾ, ജെസി. മരുമക്കൾ: ആനി, ഉഷ, ജോർജ്ജുകുട്ടി, പരേതനായ നാരായണൻ.




**അരീപ്പറമ്പ്:** മുതിയക്കലായ കൊട്ടുവിരുത്തിൽ പരേതനായ ഫിലിപ്പോസിന്റെ ഭാര്യ നിര്യാതയായ ശോശാമ്മയുടെ (98) സംസ്കാരം 10ന് വസതിയിൽ ശുശ്രൂഷയ്ക്കുശേഷം ബ്രദറൺ സഭാ സെമിത്തേരിയിൽ നടത്തി. മീനടം മുളക്കൽ കുടുംബാംഗമാണ്. മക്കൾ: പി.കെ. പുന്നൻ, സ്കറിയ, ഏലിയാമ്മ, ബാബു, പരേതരായ വർഗീസ്, ഫിലിപ്പോസ്. മരുമക്കൾ: സൂസമ്മ, അമ്മിണി, കുഞ്ഞുമോൾ, ജോയിയമ്മ.

**തൃശ്ശൂർ:** മാന്ദാമംഗലം ബ്രദറൺ അസംബ്ലി സഭാംഗമായ കുഞ്ഞമ്മ ഒക്ടോബർ 31ന് കർത്താവിൽ നിദ്രപ്രാപിച്ചു. വൈ. എം.ഇ.എഫ്. തൃശ്ശൂർ യൂണിറ്റ് പ്രസിഡന്റായ സഹോ. പി.സി. റെജിയുടെ മകളാണ്. സംസ്കാരം നെല്ലിക്കുന്ന് ബ്രദറൺ സഭാ സെമിത്തേരിയിൽ വെച്ച് നടത്തി. ദുഃഖിതരായ കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.


**ഇടയാറന്മുള:** കുരങ്ങാട്ട് മലയിൽ റിട്ട. പോസ്റ്റ് മാസ്റ്റർ കെ. വി. മാത്യൂസ് (87) നിര്യാതനായി. സംസ്കാരം 11ന് രാവിലെ 10 മണിക്ക് ബ്രദറൺ സഭാ ഹാളിൽ ആരംഭിച്ച് 12.30നു ബ്രദറൺ സെമിത്തേരിയിൽ വെച്ച് നടത്തപ്പെട്ടു.



**പുല്ലാട്:** കുറ്റിയിൽ പരേതനായ കെ. എം. ജോണിന്റെ (യോഹന്നാച്ചൻ) മകൾ സാറാമ്മ (അമ്മിണി 76) കർത്താവിൽ നിദ്രപ്രാപിച്ചു. സംസ്കാരം നവംബർ 2ന് ബുധൻ രാവിലെ 10 മണിക്ക് ഭവനത്തിലെ ശുശ്രൂഷയ്ക്കുശേഷം കടപ്ര ബ്രദറൺ സഭ സെമിത്തേരിയിൽ വെച്ച് നടത്തപ്പെട്ടു. മകൾ: കുഞ്ഞുമോൾ. മരുമകൻ: അനിയൻകുഞ്ഞ് (കാക്കനാട്ട് മണ്ണാരക്കുളഞ്ഞി). ദുഃഖിതരായ കുടുംബാംഗങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുക.



**പറവൂർ:** കോട്ടയം വാഴൂർ പുളിക്കവല വരിക്കമാക്കൽ വിൻസൻ തോമസിന്റെ ഭാര്യ ജാകിൻ (47) ദുബായിൽ നിര്യാതയായി. സംസ്കാരം പറവൂർ ബ്രദറൺ ചർച്ച് സെമിത്തേരിയിൽ വച്ച് നടത്തി. വടക്കേക്കര അരീക്കൽ കുടുംബാംഗമാണ്. മക്കൾ: സ്നേഹ, ആശിഷ, തോമസ് ഏബ്രഹാം വിൻസൻ.



**മൈലപ്ര:** അറുകാലിക്കൽ എം. സി. മാത്യു (89) നിര്യാതനായി. സംസ്കാരം ശാലേം ബ്രദറൺ സഭാ സെമിത്തേരിയിൽ വച്ച് നടത്തി. ഭാര്യ: മുണ്ടുകോട്ടയ്ക്കൽ പേഴുംകാട്ടിൽ പരേതയായ ഏലിയാമ്മ. മക്കൾ: തങ്കമ്മ, തങ്കച്ചൻ, ജോയിക്കുട്ടി, സിസിലി. മരുമക്കൾ: ജോർജ്, പൊടിയമ്മ, അമ്മിണി, സുവിശേഷകൻ അലക്സ് മേപ്പാടം.

**റായ്പൂർ:** റായ്പൂർ ബ്രദറൺ സഭാംഗമായിരുന്ന കെ.എം. വർഗ്ഗീസ് (76) നവംബർ 6-ന് നിത്യതയിൽ ചേർക്കപ്പെട്ടു. സംസ്കാരം 7-ന് ഭവനത്തിൽ നടന്ന ശുശ്രൂഷകൾക്ക് ശേഷം ഹിരാപൂർ ക്രിസ്ത്യൻ സെമിത്തേരിയിൽ വെച്ച് നടത്തി. റായ്പൂർ ബ്രദറൺ സഭാ മൂപ്പനായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഭാര്യ: പൊന്നമ്മ. മക്കൾ: ലൗലി, പരേതനായ ലസ്‌ലി, രാജു, ലിബി. ദുഃഖാർത്തരായ കുടുംബാംഗങ്ങളെ ഓർത്ത് പ്രാർത്ഥിക്കുക.

## ഹൈറേഞ്ച് സോദരീ സമാജം

**അന്യാർതൊളു:** ദൈവഹിതമായാൽ സോദരിസമാജം നവംബർ 12-ാം തീയതി രാവിലെ 10 മണി മുതൽ കട്ടപ്പന ബ്രദറൺ സഭാഹാളിൽ വെച്ച് നടത്തപ്പെടും. സഭയിൽ നിന്ന് എല്ലാ സഹോദരിമാരും പ്രാർത്ഥനാപൂർവ്വം കടന്നുവരേണമെന്ന് അഭ്യർത്ഥിക്കുന്നു.സോദരീസമാജത്തിനുവേണ്ടി, ശോശാമ്മ മാത്യു.

# ഭാഷ്യം സങ്കീർത്തനം 20

## റവ. സി.വി. ഫിലിപ്പ്

**പശ്ചാത്തലം.** ഇത് ദാവീദ് രചിച്ച ഒരു സങ്കീർത്തനമാണെന്ന് ശീർഷകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ കൃത്യമായ സന്ദർഭം വ്യക്തമല്ല. രാജാവ് ഏതോ യുദ്ധത്തിനു പുറപ്പെടുമ്പോൾ, ജനങ്ങൾ രാജാവിന് വിജയം നേർന്നുകൊണ്ട് (യഹോവേ, രാജാവിനെ രക്ഷിക്കേണമേ) ആലപിക്കുന്ന ഒരു ഗീതമായി ഇതിന്റെ ഉള്ളടക്കത്തിൽനിന്ന് മനസ്സിലാക്കാം. ആ നിലയിൽ ഇത് ഒരു രാജഭക്തിഗാനമായി കണക്കാക്കാം.

ആഡം ക്ലാർക്ക് അഭിപ്രായപ്പെടുന്നത്, "വളരെ കുതിരകളോടും രഥങ്ങളോടുംകൂടെ യുദ്ധത്തിനു വന്ന അമ്മോന്യരെയും അരാമ്യരെയും ദാവീദ് യുദ്ധത്തിൽ അഭിമുഖീകരിച്ചപ്പോൾ പാടിയ ഒരു പ്രാർത്ഥനാഗാനമാണ് ഇത് എന്നാണ് (2 ശമു. 10; 1 ദിന. 19). ഇരുപതും ഇരുപത്തി ഒന്നും സങ്കീർത്തനങ്ങൾ യിസ്രായേലിന്റെ മതപരമായ ചടങ്ങിനോടുള്ള ബന്ധത്തിൽ ആലപിക്കുന്ന കീർത്തനങ്ങളാണ്."

"ഉള്ളടക്കം പരിശോധിച്ചാൽ, ഇരുപതാം സങ്കീർത്തനം, രാജാവ് യുദ്ധത്തിന് പുറപ്പെടുമ്പോൾ വിജയത്തിനായി കഴിക്കുന്ന യാഗത്തോടുള്ള ബന്ധത്തിൽ പാടിയതാണെന്നും ഇരുപത്തിഒന്നാം സങ്കീർത്തനം വിജയശ്രീലാളിതനായി രാജാവ് മടങ്ങിവന്നപ്പോൾ പാടിയതാണെന്നും മനസ്സിലാക്കാം. ഇത് സംഭാഷണ രൂപത്തിൽ വിവിധ ഭാഗങ്ങൾ വ്യത്യസ്ത ആളുകൾ പാടുന്ന നിലയിലാണ് എഴുതപ്പെട്ടിരിക്കുന്നത്. ആദ്യത്തെ മൂന്നു വാക്യങ്ങൾ ജനങ്ങൾ പാടുന്നതായും നാലാം വാക്യം മഹാപുരോഹിതൻ പാടുന്നതായും അഞ്ചാം വാക്യം ദാവീദും തന്റെ അനുചരന്മാരും പാടുന്നതായും അഞ്ചിന്റെ അവസാന ഭാഗവും ആറാം വാക്യവും വീണ്ടും മഹാപുരോഹിതൻ പാടുന്നതായും ഏഴും എട്ടും വാക്യങ്ങൾ ദാവീദും ജനങ്ങളും പാടുന്നതായും ഒൻപതാം വാക്യം ഒരു പല്ലവിപോലെ മുഴുസഭയും പാടുന്നതായും മനസ്സിലാക്കാം" ആഡം ക്ലാർക്ക് അഭിപ്രായപ്പെടുന്നു.

രാജാവിന്റെ വിജയത്തിനായുള്ള പ്രാർത്ഥന (വാ. 1-4); ദൈവത്തിലുള്ള ഉറച്ച വിശ്വാസം (വാ. 5 -7); ശത്രുവിന്റെ പരാജയം (വാ. 8); യഹോവയോടുള്ള ഉപസംഹാര പ്രാർത്ഥന (വാ. 9) എന്നിങ്ങനെ സങ്കീർത്തനത്തെ നാലായി വിഭജിക്കാം.

**വാ. 1** *"യഹോവ കഷ്ടകാലത്തിൽ നിനക്കു ഉത്തരമരുളുമാറാകട്ടെ; യാക്കോബിൻ ദൈവത്തിന്റെ നാമം നിന്നെ ഉയർത്തുമാറാകട്ടെ."* രാജഭക്തിയുള്ള എല്ലാ പ്രജകളും തങ്ങളുടെ രാജാവിനുവേണ്ടി പ്രാർത്ഥിക്കും. ആപത്തുകാലത്ത് കൂടുതൽ പ്രാർത്ഥിക്കും. കർത്താവ് ഭൂമിയിലായിരുന്ന ദിവസങ്ങൾ മുഴുവൻ ആപൽഘട്ടങ്ങളായിരുന്നു. താൻ വളരെ പ്രാർത്ഥിച്ചതായി നാം കാണുന്നു. ഗത്സമനയിലും താൻ അതിവേദനയാൽ പ്രാർത്ഥിച്ചു. ഉടനെ വിടുതൽ ലഭിച്ചില്ലെങ്കിലും ആവശ്യമുള്ള ബലം ലഭിക്കുകയും മരണത്തിൽ വിജയിയായി ഉത്ഥാനം ചെയ്യുകയും ചെയ്തു. പ്രാർത്ഥനയെ സംബന്ധിച്ചും അവൻ നമുക്ക് ഒരു മാതൃകയാണ്. അവൻ നമുക്കുവേണ്ടി അപേക്ഷ കഴിക്കുന്നതിന്റെ ചിത്രവും ഇവിടെ കാണാം. യാക്കോബിൻ ദൈവത്തിന്റെ നാമം എന്നതിന്റെ അർത്ഥം ദൈവത്തിന്റെ വെളിപ്പെടുത്തപ്പെട്ട സ്വഭാവം എന്നാണ്. യഹോവയുടെ ദൂതൻ എന്നത് ദൈവത്തിന്റെ നാമമാണ്. ദൈവസമ്പൂർണ്ണത ദേഹരൂപമായി വസിക്കുന്നവനായ കർത്താവായ യേശുക്രിസ്തു തന്നെയാണ്. അവൻ അവനാണ് യാക്കോബിന് ഒരു പുതിയ നാമവും സ്വഭാവവും നല്കിയത് (സദൃ. 18:10)

**ആശ്രയത്തിന്റെയും ഉറപ്പിന്റെയും 7 പ്രസ്താവനകൾ ഇവിടെ കാണാം:**

(1) യഹോവ കഷ്ടകാലത്തിൽ നിന്റെ അപേക്ഷ കേൾക്കുന്നു (വാ. 1; 34:15, 17-19; 37:39; 59:16), (2) അവന്റെ നാമം നിന്നെ ഉയർത്തും (വാ.1; 82:3), (3) അവൻ വിശുദ്ധ മന്ദിരത്തിൽ നിന്ന് നിനക്കു സഹായം അയയ്ക്കും (വാ. 2; 77:13; 96:6; എബ്രാ. 8:2), (4) അവൻ സീയോനിൽ നിന്നു നിന്നെ താങ്ങും (വാ. 2; 50:2; യെശ. 2:3; 59:20), (5) നിന്റെ അപേക്ഷകളൊക്കെയും അവൻ നിവൃത്തിക്കുന്നു (വാ. 5; 34:9-10; 84:11; മത്താ. 21:22), (6) അവൻ സ്വർഗ്ഗത്തിൽ നിന്നു കേൾക്കും (വാ.6) (7) ദൈവം നമ്മുടെ ആശ്രയമാകുന്നു (വാ. 7; 125:1)

'കഷ്ടകാലം' എന്ന പദം 26 തവണ കാണുന്നു (വാ. 1; 50:15; 59:16; 102:2; 2 രാജാ. 19:3; നെഹെ. 9:27; ഇയ്യോ. 38:23; സങ്കീ. 9:9; 10:1; 27:5; 41:1; 77:2; 86:7; യെശ. 22:5; 37:3; യിരെ. 2:27-28; 11:2; 14:8; 30:7; 51:2; യെഹെ. 7:7; ദാനീ. 1:21; നഹൂം 1:7; ഹബ. 3:16; സെഫ. 1:15). വെളി. 11-19 ൽ നിവൃത്തിയാകുന്ന ഭാവി മഹാപീഡനകാലത്തെക്കുറിച്ചാണ് യിരെ. 30:7; ദാനീ. 12:1 ൽ പറഞ്ഞിരിക്കുന്നത്.

'യാക്കോബിന്റെ ദൈവം' എന്ന ഈ സ്ഥാനനാമം 13 തവണ കാണുന്നുണ്ട് (വാ. 1; 46:7, 11; 75:9; 76:6; 81:1, 4; 84:8; 94:7; 114:7; 146:5; യെശ. 2:3; മീഖാ 4:2). യാക്കോബിന് ഒന്നുമില്ലാതിരുന്നപ്പോൾ, ദൈവകോപമല്ലാതെ മറ്റൊന്നും അവൻ അർഹിക്കാതിരുന്നപ്പോൾ, അവനെ കാണുകയും സകലവും നൽകുകയും ചെയ്ത ദൈവമാണിത്. പുതിയ നിയമത്തിലെ സർവ്വകൃപാലുവായ ദൈവത്തിനു തുല്യമാണിത് (1 പത്രൊ. 5:10).

**യഹോവയുടെ നാമത്തിൽ 3 അനുഗ്രഹങ്ങൾ വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്നു.**

(1) ഒരു പ്രതിരോധം (വാ. 1), (2) പൊരുതുവാൻ നമുക്കു ചുറ്റും ഒരു കൊടി (വാ. 5), (3) അഭയവും രക്ഷാ മാർഗ്ഗവും (വാ. 7). ഇന്നും ചില വർഗ്ഗങ്ങളുടെ ഇടയിൽ, അധികാരവും പദവിയും വഹിക്കുന്ന അവരുടെ മുഖ്യന്റെ നാമം വിളിച്ചപേക്ഷിക്കുന്നത് ശത്രുവിന്റെ അതിക്രമങ്ങളിൽ നിന്നും ഒരുവന് സംരക്ഷണം ഉറപ്പാക്കും എന്ന് വിശ്വസിക്കപ്പെടുന്നു.

**വാ. 2-3** *"അവൻ വിശുദ്ധമന്ദിരത്തിൽനിന്നു നിനക്കു സഹായം അയയ്ക്കുമാറാകട്ടെ ...... കൈക്കൊള്ളുമാറാകട്ടെ."* തനിക്കാവശ്യമായ സഹായം ദൈവം സ്വർഗ്ഗത്തിലെ വിശുദ്ധ മന്ദിരത്തിൽ നിന്നയയ്ക്കുന്നതിന് ദാവീദ് ആഗ്രഹിക്കുന്നു. ഭൂമിയിലിരിക്കുന്ന മനുഷ്യനെ സ്വർഗ്ഗസീയോനിലിരിക്കുന്ന ദൈവത്തിന്റെ അദൃശ്യകരം താങ്ങുന്നു എന്ന ആശയമാണിവിടെ. പാപത്തിന്റെ പ്രായശ്ചിത്തമായി വഴിപാടുകളും ദൈവപ്രസാദത്തിനായി ഹോമയാഗവും അർപ്പിക്കുന്ന സംവിധാനം ലേവ്യ പൗരോഹിത്യ നിയമങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. അപ്രകാരം ദാവീദും കർമ്മാചാരങ്ങളിലൂടെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ പ്രേരിതനായിത്തീരുകയാണ്.

ഇവിടെ 2 തരം വഴിപാടുകൾ കാണാം (വാ. 3):

(1) സ്തോത്രയാഗം - ഇതോടൊപ്പം രക്തം ചൊരിയുന്ന യാഗങ്ങൾ അർപ്പിക്കുന്നില്ല,

(2) ഹോമയാഗം - രക്തം ചൊരിഞ്ഞുള്ള യാഗങ്ങൾ

പഴയനിയമപ്രകാരം ഉത്തരം ലഭിക്കുന്ന പ്രാർത്ഥനയുടെ അടിസ്ഥാനം യാഗങ്ങളായിരുന്നു.

**വാ. 4** *"നിന്റെ ഹൃദയത്തിലെ ആഗ്രഹം അവൻ നിനക്കു നല്കട്ടെ; നിന്റെ താത്പര്യമൊക്കെയും നിവർത്തിക്കട്ടെ."* യാഗങ്ങൾ അർപ്പിച്ചവരോട് അതിനു ശേഷമായി ഒരുപക്ഷേ മഹാപുരോഹിതൻ പറയുന്ന വാക്കുകളായിരിക്കാം ഇവ (വാ. 4-5). അന്നത്തെ സഭ ക്രിസ്തുവിന്റെ ആലോചനയും പദ്ധതിയും സാധിതപ്രായമാകട്ടെയെന്ന് ആശംസിച്ചതുപോലെ ഇന്നത്തെ സഭയും ആശംസിക്കുകയാണ്. ക്രിസ്തുവിന്റെ വിശുദ്ധന്മാർക്ക് ഈ വാക്യം ഒരു വാഗ്ദത്തമായി അവകാശപ്പെടാം. "എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടമാകട്ടെ" എന്ന് ക്രിസ്തു പ്രാർത്ഥിച്ചതുപോലെ, നാം പ്രാർത്ഥിക്കുമെങ്കിൽ അവന്റെ ഹിതം ഭൂമിയിൽ നിറവേറും.

**വാ. 5** *"ഞങ്ങൾ നിന്റെ ജയത്തിൽ ഘോഷിച്ചുല്ലസിക്കും; ഞങ്ങളുടെ ദൈവത്തിന്റെ നാമത്തിൽ കൊടി ഉയർത്തും; യഹോവ നിന്റെ അപേക്ഷകളൊക്കെയും നിവർത്തിക്കുമാറാകട്ടെ."* ദൈവം ജയിക്കുന്നു. അതിനാൽ ദൈ വജനം ഘോഷിച്ചുല്ലസിക്കുന്നു. മാത്രമല്ല, സന്തോഷപ്രകടനത്തിന്റെ പ്രതീകമായി വിജയക്കൊടി ഉയർത്തുകയും ചെയ്യുന്നു. അപേക്ഷകളെ നിരസിക്കാതെ എല്ലാറ്റിനും പരിഹാരമുണ്ടാക്കുവാൻ ദൈവത്തിനു മാത്രമേ കഴിയുകയുള്ളു.

**വാ. 6** *"യഹോവ തന്റെ അഭിഷിക്തനെ രക്ഷിക്കുന്നു ..... വീര്യപ്രവൃത്തികളാൽ അവന് ഉത്തരമരുളും."* തന്റെ അഭിഷിക്തനെ യഹോവ രക്ഷിക്കുന്നുവെന്ന് ദാവീദ് അറിയുന്നു. കർത്താവിന്റെ കഷ്ടതയുടെ സമയത്തെ നിലവിളിക്ക് ദൈവത്തിന്റെ വിശുദ്ധിയും ശക്തിയും ഒത്തുചേർന്ന് സഹായമെത്തിച്ചു. യേശുവിന്റെ നിലവിളി കേട്ട ദൈവം നമ്മുടെ നിലവിളിയും കേൾക്കും. ഉയർന്നിരിക്കുന്നതും വീര്യം പ്രവർത്തിക്കുന്നതുമായ അവന്റെ വലങ്കൈ നമ്മുടെ രക്ഷയ്ക്കായി പ്രവർത്തിക്കും. തന്റെ അഭിഷിക്തൻ (വാ. 6; 2:2; 18:50; 28:8; 45:7; 84:9; 105:15). വലങ്കൈ ദൈവത്തിന്റെ സർവ്വശക്തിയെ സൂചിപ്പിക്കുന്ന ഒരു പ്രയോഗം.

**വാ. 7** *"ചിലർ രഥങ്ങളിലും ചിലർ കുതിരകളിലും ആശ്രയിക്കുന്നു; ഞങ്ങളോ ഞങ്ങളുടെ ദൈവമായ യഹോവയുടെ നാമത്തെ കീർത്തിക്കും."* ഇവിടെ പറഞ്ഞിരിക്കുന്ന ആശ്രയം അഥവാ ഉറപ്പിന്റെ 3 ഉറവിടങ്ങൾ നോക്കുക:

(1) രഥങ്ങൾ (വാ. 7; യെശ. 31:1; 36:9), (2) കുതിരകൾ (വാ. 7; 33:17; 147:10), (3) യഹോവയുടെ നാമം (വാ. 7)

മനുഷ്യരിൽ ആശ്രയിക്കുന്നതും അദൃശ്യനായ ദൈവത്തിൽ ആശ്രയിക്കുന്നതും തമ്മിലുള്ള വ്യത്യാസം ഇവിടെ കാണാം. യിസ്രായേൽ കുതിരകളെ വളർത്താറില്ലാത്തതുകൊണ്ട് രഥങ്ങളും കുതിരകളും അവർക്ക് ഭയഹേതുകമായിരുന്നു- പ്രത്യേകിച്ച് യുദ്ധത്തിലെ മിസ്രയീമ്യ കുതിരകൾ. സൈന്യങ്ങളുടെ യഹോവയോട് തുലനം ചെയ്യുമ്പോൾ മിസ്രയീമ്യരുടെ കുതിരകളെപ്പോലും അവഗണിക്കുന്ന വിശ്വാസമാണ് സങ്കീർത്തനക്കാരന് ഉള്ളത്.

**വാ. 8** *"അവർ കുനിഞ്ഞു വീണുപോയി; എന്നാൽ ഞങ്ങൾ എഴുന്നേറ്റു നിവിർന്നു നില്ക്കുന്നു."* കുതിരകളിലും രഥങ്ങളിലും ആശ്രയിച്ചതിനും ദൈവത്തിൽ ആശ്രയിച്ചതിനും ഉള്ള ഫലം എന്താണെന്ന് ഇതു വ്യക്തമാക്കുന്നു.

വ്യത്യസ്തമായ ആശ്രയമുള്ളവരുടെ അന്ത്യവും വ്യത്യസ്തമാണ്. അവരുടെ അടിസ്ഥാനം ഉറപ്പില്ലാത്തതുകൊണ്ട് അവർ വീഴും ഒപ്പം അവരും. എന്നാൽ യഹോവയിൽ ആശ്രയം കണ്ടെത്തിയവർ വീണാലും നിലംപരിചാകയില്ല. അവൻ അവരെ കൈപിടിച്ച് എഴുന്നേല്പിക്കും.

ദൈവത്തിന്റെ ശത്രുക്കൾ ആദ്യം ഉയർന്നിരിക്കും. എന്നാൽ താമസംവിനാ അവരെ താഴെയിറക്കുവാൻ ദൈവത്തിന്റെ ശക്തി പ്രവർത്തിക്കും. അല്ലെങ്കിൽ അവർ സ്വയം നിലംപരിചാകും. അവരുടെ കുതിരകൾ ബാധയാൽ നശിച്ചുപോകയും ചെയ്യും. എന്നാൽ യേശുവിൽ വിശ്രാമം കണ്ടെത്തുന്നവർ ആദ്യം ക്ഷീണിതരായി കണ്ടേക്കാമെങ്കിലും സർവ്വശക്തൻ അവരെ പിടിച്ചുയർത്തും, അവർ സന്തോഷത്തോടെ നിവർന്നു നില്ക്കുകയും ചെയ്യും. യേശുവിന്റെ ജയം നമുക്ക് അവകാശപ്പെട്ടതാണ്. വിശ്വാസവീരന്മാരുടെ കാൽക്കീഴിൽ ലോകം, ജഡം, പിശാച്, എന്നിവ തോറ്റുപോകും.

**വാ. 9** *"യഹോവേ രാജാവിനെ രക്ഷിക്കണമേ; ഞങ്ങൾ അപേക്ഷിക്കുമ്പോൾ ഉത്തരമരുളണമേ."* ഇവിടെ ദൈവത്തെ രാജാവ് എന്ന നിലയിൽ അഭിസംബോധന ചെയ്തിരിക്കുന്നു (വാ. 9; 5:2; 10:16; 24:7-10; 29:10; 44:4; 47:2-7; 48:2; 68:24; 74:12; 84:3; 89:18; 95:3; 98:6; 145:1; 149:2). രാജാവ് വിടുവിക്കപ്പെടണമെന്നും, പിന്നീട് ഞങ്ങളുടെ രാജാവ് എന്ന നിലയിൽ ഞങ്ങളുടെ അപേക്ഷ കേൾക്കുമാറാകണം എന്നുമുള്ള ദ്വിവിധ ആഗ്രഹങ്ങളാണ് ഈ സങ്കീർത്തനത്തിൽ കാണുന്നത്. ഒന്നാമത്തെ അപേക്ഷ സാധിച്ചു. രണ്ടാമത്തേതും സാധിക്കുമെന്ന് എല്ലാ ദൈവജനത്തിനും ഉറപ്പാണ്. അതുകൊണ്ട് ദൈവമേ രാജാവിനെ രക്ഷിക്കേണമേ, യേശുരാജാവ് വാഴ്ത്തപ്പെടുമാറാകട്ടെ, തന്റെ രാജ്യം സ്ഥാപിക്കുവാൻ വേഗം വരുമാറാകട്ടെ എന്നു പാടിക്കൊണ്ട് ഈ സങ്കീർത്തനം ഉപസംഹരിക്കാം.

❑❑❑



എച്ച്.എ. അയൺസൈഡിന്റെ

വിവർത്തകൻ: ജോർജ്ജ് കുര്യൻ, ഡാളസ്

വെളിപ്പാടു പുസ്തക വ്യാഖ്യാനം-50

# നിത്യസുവിശേഷവും ബാബിലോണും

## വെളിപ്പാട് 14:6–8

### നിത്യസുവിശേഷം (14:6–7)

**ഈ** നിത്യസുവിശേഷം നൂറ്റാണ്ടുകളായി പ്രസംഗിക്കപ്പെട്ടു കൊണ്ടിരിക്കുന്ന സുവിശേഷത്തിൽ നിന്നും വ്യത്യസ്തമല്ല. നിത്യസുവിശേഷം എന്നു പറയുന്നതിൽ നിന്നു തന്നെ ഇതു ആരംഭം മുതൽ പ്രസംഗിച്ചുകൊണ്ടിരിക്കുന്നതാണെന്നു മനസ്സിലാക്കാം. ദൈവം സർവ്വാധികാരിയാണെന്നും എല്ലായുഗങ്ങളിലും അവന്റെ അധികാരത്തെ അംഗീകരിക്കുന്നതാണ് മനുഷ്യന്റെ സന്തോഷമെന്നുള്ള സദ്വാർത്തയാണത്. ഈ യുഗത്തിൽ ദൈവകൃപ സുവിശേഷസത്യങ്ങളോടു ചേർത്തിരിക്കയാണ്. രാജ്യത്തിന്റെ സുവിശേഷവും സ്വർഗ്ഗത്തിൽ നിന്നുമുള്ള സദ്വാർത്തയുടെ മറ്റൊരു വശമാണ്. ക്രിസ്തുവിന്റെ കർതൃത്വത്തെ അംഗീകരിക്കുവാനുള്ള ആഹ്വാനമാണത്. അപ്പൊസ്തലൻ പറയുന്നതുപോലെ ഒരു സുവിശേഷം മാത്രമേയുള്ളൂ. "എന്നാൽ ഞങ്ങൾ നിങ്ങളോടു അറിയിച്ചതിനു വിപരീതമായി ഞങ്ങൾ ആകട്ടെ സ്വർഗ്ഗത്തിൽ നിന്ന് ഒരു ദൂതനാകട്ടെ നിങ്ങളോടു സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ" (ഗലാ.1:8). എന്നാൽ ആ ഒരു സുവിശേഷത്തിനു വിവിധ വശങ്ങളുണ്ട്. ഗലാത്യലേഖനത്തിൽ പൗലൊസ് "പരിച്ഛേദനക്കാരുടെയിടയിലെ സുവിശേഷം" എന്നും 'അഗ്രചർമ്മക്കാരുടെ ഇടയിലെ സുവിശേഷം' എന്നും ഒരേ സുവിശേഷത്തെക്കുറിച്ചു പറയുന്നുണ്ട്. എന്നാൽ അത് ഒരു രീതിയിൽ യഹൂദന്മാരോടും മറ്റൊരു രീതിയിൽ ജാതികളോടും അറിയിച്ചിരിക്കയാണ്. കർത്താവു ഭൂമിയിലായിരിക്കുമ്പോൾ തന്റെ പരസ്യശുശ്രൂഷാകാലത്ത് താനും യോഹന്നാൻ സ്നാപകനും രാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചു. എന്നാൽ മനുഷ്യർ രാജ്യത്തെ തള്ളിക്കളഞ്ഞു. തന്മൂലം തല്ക്കാലത്തേക്കു രാജ്യം സ്ഥാപിക്കപ്പെട്ടില്ല. ഇതു സഭാകാലയളവാണ്.

മനുഷ്യപുത്രനെ, ഒരു രാജ്യം പ്രാപിച്ചുമടങ്ങാനായി ദൂരദേശത്തേക്കുപോയ ഒരു മനുഷ്യനോടു താരതമ്യപ്പെടുത്തിയിരിക്കുന്നു. പിതാവു വിളംബരം ചെയ്യുമ്പോൾ തന്റെ രാജ്യത്തിൻ രാജാധിരാജാവും കർത്താധികർത്താവുമായിരിക്കാനായി അവൻ ഇറങ്ങി വരും. ഈ യുഗത്തിൽ വിശ്വസിക്കുന്ന യഹൂദനെയും ജാതികളേയും സഭയാകുന്ന ഏകശരീരത്തോടു അവൻ ചേർത്തുകൊണ്ടിരിക്കുന്നു. സഭ എടുക്കപ്പെട്ടാൽ ക്രിസ്ത്യാനികൾ ഇവിടെ ഉണ്ടായിരിക്കയില്ല. പിന്നീടു പ്രസംഗിക്കപ്പെടുന്നതു രാജ്യത്തിന്റെ സുവിശേഷമായിരിക്കും. അങ്ങനെ ആ സുവിശേഷത്തിന്റെ ഒടുവിലത്തെ ഘട്ടവും തന്റെ വരവിനു തൊട്ടുമുമ്പായി പ്രസംഗിക്കപ്പെടും. തങ്ങളുടെ സൃഷ്ടാവിനെ അംഗീകരിക്കാനായിട്ടുള്ള ഏറ്റവും ഒടുവിലത്തെ വിളിയായിരിക്കും അത്. ന്യായവിധിയുടെ മദ്ധ്യത്തിലും അന്തിമനാശത്തിനു മുമ്പ് സർവ്വശക്തനായവനെ അംഗീകരിച്ചു മഹത്വപ്പെടുത്തുവാനായിട്ടുള്ള ഒരു അവസരം ലഭിക്കുന്നത് ദൈവകരുണയുടെ ആധിക്യത്താൽ മാത്രമാണ്. ഈ അദ്ധ്യായത്തിൽ അതിനു പ്രതികരണമൊന്നും നാം കാണുന്നില്ല. എന്നാൽ വേദപുസ്തകത്തിലെ ഇതരഭാഗങ്ങളിൽ നിന്നും മുമ്പു സുവിശേഷം കേൾക്കാതിരിക്കയോ തള്ളിക്കളയുകയോ ചെയ്ത അനേകർ അന്നു തങ്ങളുടെ ഹൃദയം തുറന്ന് അനുതപിച്ചു രാജാധിരാജാവിനെ സ്വീകരിക്കുവാനായി നയിക്കപ്പെടും എന്നു കാണുന്നു.

### ബാബിലോൺ (14:8)

ബാബിലോണിനെ സംബന്ധിച്ചുള്ള വിവരണം 17–18 വരെ അദ്ധ്യായങ്ങളിൽ കാണാം. ബാബിലോൺ ദേശം വിഗ്രഹാരാധനയുടെയും മ്ലേച്ഛതയുടെയും തടമായിരുന്നതുപോലെ മാർമ്മികമായ ബാബിലോൺ സകല ദുരുപദേശങ്ങളുടെയും മാതാവാണ്. ഇന്ന് അന്ത്യകാലത്ത് ഇത് വലിയ ഒരു വ്യാജസഭയായിത്തീരും. കർത്താവിനു അയോഗ്യമായ ആ വ്യാജസഭ പൂർണ്ണമായും നശിക്കപ്പെടും.

ക്രിസ്തീയ ലോകത്തെ തമ്മിൽ ഏകീകരിക്കുവാനായുള്ള വലിയ ഒരു ശ്രമം മതനേതാക്കൾ ഇക്കാലത്തു ചെയ്യുന്നുണ്ട്. എന്നാൽ ആ കൂട്ടിച്ചേർപ്പ് ക്രിസ്തുവില്ലാത്ത ഒരു സഭാസംഘടനയായി തീരുകേയുള്ളൂ. യഥാർത്ഥ ദൈവസഭ എടുക്കപ്പെട്ടശേഷം കത്തോലിക്ക, ഗ്രീക്ക്, പ്രോട്ടസ്റ്റന്റ് എന്നിങ്ങനെ എല്ലാവരും കൂടിച്ചേർന്നു ലോകം മുമ്പു കണ്ടിട്ടില്ലാത്തവിധം വലിയ ഒരു മതസംഘടന രൂപീകരിക്കും.

യഥാർത്ഥമാനസാന്തരവും പരിശുദ്ധാത്മപ്രവർത്തനവുമില്ലാത്ത മനുഷ്യ നിർമ്മിത മതങ്ങൾ തകർന്നുപോകും എന്ന് അവർ അറിഞ്ഞിരുന്നെങ്കിൽ. ദൈവകൃപയുടെ സുവിശേഷം ഇന്നു പ്രസംഗിക്കപ്പെടുമ്പോൾ അതിനു കാതുകൊടുക്കുന്നവരുണ്ടെന്നുള്ളത് എത്ര അനുഗ്രഹപ്രദമാണ്.



വിവ: ജോർജ്ജ് കുര്യൻ

ബൈബിളിലോ, ക്രിസ്തുവിന്റെ രക്തത്തിലോ വീണ്ടും ജനനത്തിലോ വിശ്വസിക്കാൻ കഴിയാത്ത ഒരു സ്ഥലത്തേക്കു ഒരുവൻ വന്നാൽ അവൻ ഇങ്ങനെ ചിന്തിക്കും. "ഈ സഭ നിലനിർത്താനായി ഞാൻ എന്തിനു പണം കൊടുക്കണം, ഒരു ലോഡ്ജിനോ, ക്ലബ്ബിനോ പണം കൊടുക്കുന്നതാണ് ഇതിനേക്കാൾ നന്ന്. ഈ സഭയിൽ നിന്നും കിട്ടുന്നതിനേക്കാൾ നല്ലത് അവിടുന്ന് എനിക്കു കിട്ടും". മഹോപദ്രവകാലത്ത് ഇതുപോലെയായിരിക്കും; ബാബിലോൺ ഒരു സമയത്തേക്ക് സകലത്തിനും മേലായിരിക്കും. രാജ്യത്തിലെ തലവൻ സഭയുടെ തലവനായിരിക്കും. മതപരമായ കാര്യങ്ങളുടെ തലവൻ എതിർക്രിസ്തു ആയിരിക്കും എന്നാൽ ബാബിലോൺ വീഴുമ്പോൾ എത്ര ഭയാനകമായ ഒരു സംഭവമായിരിക്കും അത്. *(തുടരും)*

# സുവിശേഷ പ്രവർത്തനം

**ഇടുക്കി:** സൂര്യനെല്ലിയിലും പരിസരപ്രദേശങ്ങളിലുമുള്ള ബ്രദറൺ സഭകളുടെയും സീയോൻ മിഷൻ ചാരിറ്റബിൾ ട്രസ്റ്റിന്റെയും സംയുക്താഭിമുഖ്യത്തിൽ സുവിശേഷപ്രവർത്തനം സൂര്യനെല്ലിയിൽ വെച്ച് ഡിസംബർ 23 – 25 വരെ നടത്തപ്പെടും. ഭവനസന്ദർശനം, ട്രാക്റ്റ് വിതരണം, പരസ്യയോഗം എന്നിവ ഇതോടനുബന്ധിച്ച് നടത്തപ്പെടും. സൂര്യനെല്ലിയിൽ പുതിയ സഭാ കൂടിവരവ് ഇതോടൊപ്പം ആരംഭിക്കും. ഞായറാഴ്ച സ്നാനശുശ്രൂഷയും ആരാധനാ യോഗവും നടത്തപ്പെടും.

*****

**ജാൻസി:** ബിലിവേഴ്സ് ബ്രദറൺ അസംബ്ലിയുടെ ആഭിമുഖ്യത്തിൽ സുവിശേഷ പ്രവർത്തനവും പരസ്യയോഗം ജാൻസിയിലും സമീപത്തുമുള്ള വിവിധ ജില്ലകളിൽ നടത്തപ്പെടും. നവംബർ 14 – 17 വരെ ഹമീർപൂർ ജില്ലയിലും, നവംബർ 12 – 15 വരെ ചിത്രക്കോട് ജില്ലയിലും ജനുവരി 15 – 18 വരെ ജാൻസിയിലും പരസ്യപ്രവർത്തനങ്ങൾ നടത്തും. ട്രാക്റ്റ് വിതരണം, ഭവനസന്ദർശനം, ബോധവത്കരണ പരിപാടികൾ എന്നിവ ഇതോടനുബന്ധിച്ച് നടത്തും.

# യുവജന സമ്മേളനം

**ജാൻസി:** ബിലീവേഴ്സ് ബ്രദറൺ അസംബ്ലിയുടെ ആഭിമുഖ്യത്തിൽ യുവജന സമ്മേളനം ഡിസംബർ 26–29 നടത്തപ്പെടും. സുവി. ബെന്നി ചരലിൽ ക്ലാസ്സുകൾക്ക് നേതൃത്വം നൽകും. സുവി. ഫിലിപ്പോസ് പി.പി, ബ്രദർ മോഹൻ സിംഗ്, ബ്രദർ തുളസി മസിഹ് എന്നിവർ യൂത്ത് ക്യാമ്പിന്റെ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകും. ബൈബിൾ ക്ലാസ്സ്, താലന്ത് പരിശോധന, എന്നിവയും ഇതോടൊപ്പം നടത്തപ്പെടും. ദൈവജനത്തിന്റെ പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക്
ബിലിവേഴ്സ് ബ്രദറൺ അസംബ്ലി ഗോസ്പൽ ഹോം
196, സി.പി. മിഷൻ കോമ്പൗണ്ട്
ജാൻസി, ഉത്തർ പ്രദേശ്

# കുടുംബ സംഗമം

**കണ്ണൂർ:** കണ്ണൂർ ജില്ലയിലെ ബ്രദറൺ സഭകളുടെ സംയുക്താഭിമുഖ്യത്തിൽ കുടുംബ സംഗമം കുടിയാൻമല ബ്രദറൺ അസംബ്ലി ഹാളിൽവെച്ച് നടത്തപ്പെട്ടു.

സുവി. ജോൺ കുര്യൻ–കോട്ടയം, സുവി. വി.പി. പൗലൊസ്–മണ്ണൂർ എന്നിവൻ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

വിശ്വാസിയും വിശുദ്ധജീവിതവും എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള സുവി. ജോൺ കുര്യൻ എടുത്ത ക്ലാസ്സുകൾ വളരെ ശ്രദ്ധേയമായിരുന്നു. വിശ്വാസിയും കുടുംബവും എന്ന വിഷയം അവതരിപ്പിച്ച സുവി. വി.പി. പൗലൊസിന്റെ ക്ലാസ്സുകൾ കുടുംബ സദസ്സുകൾക്ക് വളരെ പ്രയോജനപ്രദമായിരുന്നു. ഇതോടൊപ്പം കുട്ടികൾക്കു വേണ്ടി പ്രത്യേകം പ്രോഗ്രാമുകളും നടത്തപ്പെട്ടു. കണ്ണൂർ ജില്ലയിലെ വിശ്വാസി കുടുംബങ്ങൾ സംബന്ധിച്ചു. ഈ സമ്മേളനം ദൈവജനത്തിന്റെ ആത്മപരിശോധനയ്ക്ക് കാരണമായി ഭവിച്ചു.

# കത്തുകൾ...

*(2–ാം പേജിൽ നിന്നും തുടർച്ച)*

ആക്ഷൻ കൗൺസിൽ, ലീഗൽ സെല്ല്, കേന്ദ്ര കമ്മിറ്റി, പ്രതിഷേധ യോഗം, പ്രതിനിധി സമ്മേളനം തുടങ്ങി എന്തെല്ലാം 'വിശുദ്ധ നാമങ്ങളിൽ നമ്മുടെ മാസികകളിൽ ഇപ്പോൾ ഈ വിഷയങ്ങൾ നിറഞ്ഞു നില്ക്കുന്നു. 'എല്ലാവരും കൂടി തണ്ട് വലിച്ചു വലഞ്ഞു' 'പ്രാണഭയത്തിൽ ആയി'. പക്ഷെ ഇനിയും ഉണ്ട് ഒരു 'option' നാഥനെ വിളിക്കാം, 'ഞങ്ങൾ നശിച്ചു പോകുന്നു എന്നു പറയാം.' സ്ഥലം സഭയിലേക്കു മടങ്ങാം, വേദപുസ്തകപ്രമാണങ്ങൾ പാലിക്കാം, അനുഗ്രഹം പ്രാപിക്കാം.

# വൈവാഹികം

നല്ല ആത്മീയ പാരമ്പര്യമുള്ളതും സ്കൂൾ അദ്ധ്യാപികയുമായ ബ്രദറൺ യുവതിക്ക് (30/152 cm.), അനുയോജ്യരായ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. 9895808939, 9496885393, 04842743560. email:maanu.kurien@gmail.coml

WALK-IN-INTERVIEW

1. **MANAGERS/ADMINISTRATORS**: MBA in HR/Marketing/Finance. He/she should have good command over English with good knowledge of computers. Candidate must have Christian mission commitment and dynamic attitude with the ability to correspond independently.

2. **SOCIAL WORKERS** (3) : MSW candidates with experience.

3. **RECEPTIONIST (2)**

4. **SALES PERSONS**

Call us or send your resume' to satyam_india@yahoo.com.

SATHYAM SERVICE TRUST
THOTTABHAGOM P.O., THIRUVALLA-689 541, KERALA, INDIA.
Mobile: 0-9447178230, 09447126182
E-mail: satyam_india@yahoo.com, web: www.sathyam.org

# ഗോസ്പൽ ടീം പ്രവർത്തനം

**പത്തനംതിട്ട:** ബ്രദറൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ഗോസ്പൽ ടീം പ്രവർത്തനം വിജയകരമായി പൂർത്തിയാക്കി. ബി.ബി.ഐ.യിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും അടങ്ങുന്ന ടീം ഭാരതത്തിന്റെ 6 സംസ്ഥാനങ്ങളിലായി ഒക്ടോബർ 13 മുതൽ നവംബർ 4 വരെയാണ് ടീം പ്രവർത്തനം നടത്തിയത്. 6 ടീമായി പ്രവർത്തിച്ച സംഘം ആസ്സാം, ബംഗാൾ ആന്ധ്രാപ്രദേശ്, തമിഴ്നാട്,പോണ്ടിച്ചേരി, കേരളം എന്നിവിടങ്ങളിൽ സുവിശേഷപ്രവർത്തനം, ഭവനസന്ദർശനം, ട്രാക്റ്റ് വിതരണം തുടങ്ങിയവ നടത്തുകയുണ്ടായി. ഈ പ്രവർത്തനത്തിലൂടെ അനേകർ ക്രിസ്തുവിനെ അറിയുവാനിടയായി. വചനം വിതച്ചത് വ്യഥാവായിപ്പോകാതിരിക്കുവാൻ ദൈവജനം പ്രാർത്ഥിക്കുമല്ലോ.

# എബനേസർ ബ്രദറൺ അസംബ്ലി

**കുണ്ടറ:** കൈതക്കോട് എബനേസർ ബ്രദറൺ അസംബ്ലി 1999–ൽ സ്ഥാപിതമായി. അന്നുമുതൽ ഇന്നുവരെയും ആരാധനയും മറ്റ് കൂടിവരവുകളും വളരെ സന്തോഷമായി തുടരുവാൻ ദൈവം കൃപ ചെയ്തുകൊണ്ടിരിക്കുന്നു. ദൈവത്തിന്റെ കൃപയാൽ ഒരു വ്യക്തികൂടി രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് സഭാ കൂട്ടായ്മയിൽ ആകുന്നതിന് ഇടയായി. ദൈവത്തിന് സ്തോത്രം. സ്നാന ശുശ്രൂഷകൾ നിർവ്വഹിച്ചതിന് കർത്താവിന്റെ ശ്രേഷ്ഠ ദാസൻ Dr. പി. വി. തമ്പി, അവർകൾ ആണ്. ആ ശുശ്രൂഷ വളരെ അനുഗ്രഹമായി നടക്കുവാൻ ദൈവം കൃപ ചെയ്തു. ദൈവജനം കഴിഞ്ഞനാളുകളിൽ ഇവിടുത്തെ പ്രവർത്തനങ്ങളെ ഓർക്കുകയും പ്രാർത്ഥിക്കുകയും ചെയ്തതിന ദൈവ നാമത്തിൽ നന്ദി അറിയിക്കുന്നു. തുടർന്നും കൈതക്കോട് പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കേണമേ എന്ന് അപേക്ഷിച്ചുകൊള്ളുന്നു.

# സുവിശേഷ യോഗവും ബൈബിൾ ക്ലാസ്സും

**അമരവിള:** അമരവിള ബ്രദറൺ അസംബ്ലിയുടെ ആഭിമുഖ്യത്തിൽ സഭാ ഹാളിൽ വെച്ച് 2011 ഡിസംബർ 26 മുതൽ 28 വരെ സുവിശേഷയോഗവും ബൈബിൾ ക്ലാസ്സും നടത്തപ്പെടും.

ദൈവത്തെ അനുകരിപ്പിൻ (എഫെ. 5:1) എന്ന തീം അടിസ്ഥാനമാക്കി രാവിലെ 9 മണി മുതൽ വൈകുന്നേരം 4 മണി വരെ ബൈബിൾ ക്ലാസ്സുകൾ നടത്തപ്പെടും. ബൈബിൾ ക്ലാസ്സിൽ കുഞ്ഞുങ്ങൾക്കും മുതിർന്നവർക്കും പ്രത്യേകം സെക്ഷനുകൾ സജ്ജീകരിച്ചിരിക്കുന്നു. മിഷണറി സ്റ്റോറി, സംഗീത പരിശീലനം, വേദ മത്സരങ്ങൾ എന്നിവയും നടത്തപ്പെടും. ദിവസവും വൈകുന്നേരം 6.30 മുതൽ 9 വരെ സുവിശേഷ യോഗങ്ങളും ക്രമീകരിച്ചിരിക്കുന്നു. കർത്തൃദാസന്മാരായ ഷനു ശാമുവേൽ, വർഗ്ഗീസ് തോമസ്സ്, ധർമ്മരാജ്, ബെൻസിക് മിറാൻഡ തുടങ്ങിയുള്ള അനേകം ദൈവദാസന്മാർ വിവിധ ശുശ്രൂഷകൾ നിർവ്വഹിക്കുന്നതാണ്.

സ്ഥലം സഭകളിൽ നിന്നും മറ്റുള്ള സ്ഥലങ്ങളിൽ നിന്നും താല്പര്യമുള്ളവർക്ക് സംബന്ധിക്കാവുന്നതാണ്. സംബന്ധിക്കുവാൻ ആഗ്രഹിക്കുന്നവർ മുൻകൂട്ടി അറിയിക്കുന്നത് ക്രമീകരണങ്ങൾക്ക് സഹായകരമായിരിക്കും. ശുശ്രൂഷകളുടെ എല്ലാവിധ അനുഗ്രഹത്തിനായും ദൈവമക്കളുടെ വിലയേറിയ പ്രാർത്ഥനയും സാന്നിധ്യസഹകരണവും പ്രതീക്ഷിക്കുന്നു.

# റെഹബോത്ത് ബ്രദറൺ അസംബ്ലി

**ബിദാർ:** സഹോദരൻ ജോയി ചാക്കോ കഴിഞ്ഞ ഒരു വർഷമായി കർണാടകയിലെ ബിദാർ ജില്ല കേന്ദ്രമാക്കി എല്ലാ മാസവും ഒരാഴ്ച മുഴുവൻ താമസിച്ചു പ്രവർത്തിച്ചു വരുന്നു. മംഗലാപുരത്തുനിന്നും 30 മണിക്കൂർ യാത്ര ചെയ്താണ് ബിദാർ എന്ന സ്ഥലത്ത് എത്തിച്ചേരുന്നത്. ഇവിടെ നടത്തിയ പ്രവർത്തന ഫലമായി അനേകർ രക്ഷിക്കപ്പെടുന്നതിനും സ്നാനപ്പെടുന്നതിനും ഇടയായി. സെപ്റ്റംബർ 4ന് ഒരു പുതിയ ആരാധനാ കൂടിവരവ് ആരംഭിക്കാൻ ഇടയായി. ഏകദേശം 25 ൽ അധികം വിശ്വാസികൾ കർത്തൃമേശയിൽ സ്ഥിരമായി പങ്കെടുക്കുന്നുണ്ട്.

Bidar ജില്ലയിൽ അനേക സഭകൾ ഉണ്ടാകണം എന്ന ലക്ഷ്യത്തിൽ പ്രവർത്തിച്ചു വരുന്നു. സഹോദരന്മാരായ സ്റ്റീവൻസൺ, രാജ്കുമാർ സൈലാസ് (ബാംഗ്ലൂർ) എന്നിവരും കർണാടക വൈ.എം.ഇ.എഫും ഇവിടെയുള്ള പ്രവർത്തനത്തിൽ സഹകരിക്കുന്നു. ഇവിടെയുള്ള പ്രവർത്തനത്തിന്റെ വിശാലതയ്ക്കും അനേക സഭകൾ ഉണ്ടാകുവാനും ദൈവജനത്തിന്റെ പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിക്കുന്നു.

# ക്രിസ്ത്യൻ ബ്രദറൺ അസംബ്ലി

**തൊടുപുഴ:** ക്രിസ്ത്യൻ ബ്രദറൺ അസംബ്ലിയുടെ ആഭിമുഖ്യത്തിൽ കഴിഞ്ഞ 12 വർഷമായിട്ട് ടൗണിലും ചുറ്റുപാടുകളിലും കർത്താവിന്റെ മഹത്വമാർന്ന ശുശ്രൂഷ ചെയ്തു വരുന്നു. കുടുംബമായി ചെയ്തു വരുന്ന ശുശ്രൂഷകൾക്ക് ഒരു Two wheeler (ബൈക്ക്) ലഭിച്ചിരുന്നുവെങ്കിൽ പ്രവർത്തനങ്ങൾക്ക് വളരെ പ്രയോജനം ആയിരുന്നു. ആയതിനാൽ തൊടുപുഴ സഭയെയും പ്രവർത്തനങ്ങളെയും പ്രാർത്ഥനയിൽ ഓർക്കുകയും മുകളിൽ പറഞ്ഞിരിക്കുന്ന ആവശ്യത്തിന് സാമ്പത്തിക കൂട്ടായ്മ കാണിക്കുവാൻ ദൈവാത്മാവ് പ്രേരിപ്പിക്കുന്നവർ താഴെ കാണുന്ന അഡ്രസ്സിൽ ബന്ധപ്പെടുക.

വിലാസം:
ബ്രദർ കെ.ഒ. ജോസ് C/o.
ക്രിസ്ത്യൻ ബ്രദറൺ ചർച്ച്
തൊടുപുഴ, കോലാനി P.O.- 685 608, വെങ്ങല്ലൂർ, ഇടുക്കി.
Mob: 9495353702
A/c. No.30949466221
S.B.I. തൊടുപുഴ – K.O. ജോസ്

ഗ്രന്ഥപരിചയം

# ഈശ്വര ദർശനവും മുക്തിമാർഗ്ഗവും




സുവി. പി.എസ്. തമ്പാൻ എഴുതിയ 'ഈശ്വര ദർശനവും മുക്തിമാർഗ്ഗവും' എന്ന പുസ്തകം വിതരണത്തിനു സജ്ജമായിരിക്കുന്നു. സുവിശേഷവൽക്കരണം ലക്ഷ്യമാക്കി രചിച്ച 80 പേജുള്ള, ആകർഷകമായ കവർ പേജോടുകൂടിയ ഈ ചെറുപുസ്തകം സൗജന്യ വിതരണത്തിനുള്ളതാണ്. ഗ്രന്ഥകാരൻ നടത്തിയ ഒരു അന്വേഷണത്തിന്റെ പരിസമാപ്തി കൂടിയാണ് ഈ ഗ്രന്ഥം. വ്യക്തിപരമായ സുവിശേഷവേലയിൽ ഏർപ്പെട്ടിരിക്കുന്നവർക്കും ബൈബിൾ സാഹിത്യ വിതരണത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്കും വിതരണത്തിനു തികച്ചും അനുയോജ്യമായ ഗ്രന്ഥമാണിത്. പുസ്തകം ആവശ്യമുള്ളവർ താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ നേരിട്ടു ബന്ധപ്പെടുക:-

**വിലാസം:**
സുവി. പി.എസ്. തമ്പാൻ,
സുവാർത്താ സദനം
കരിയംപ്ലാവ് പ്.ഒ.
തിരുവല്ല – 689 615, കേരളം
Mob: 9847810133

# മേലുകാവുമറ്റം കൺവൻഷൻ ജനുവരിയിൽ

**മേലുകാവുമറ്റം:** ദൈവഹിതമായാൽ മേലുകാവുമറ്റം ബ്രദറൺ സഭയുടെ ചുമതലയിൽ 2012 ജനുവരി 19 മുതൽ 21 വരെ സഭാഹാൾ ഗ്രൗണ്ടിൽ വെച്ച് ബൈബിൾ പ്രഭാഷണവും സംഗീത ശുശ്രൂഷയും നടത്തപ്പെടും. "ക്രിസ്തുവിന്റെ പുനരാഗമനവും ബൈബിൾപ്രവചനങ്ങളുടെ നിവൃത്തിയും" എന്ന വിഷയത്തെ ആസ്പദമാക്കി സുവിശേഷകന്മാരായ ജോൺ പി. തോമസ് (എറണാകുളം) വർഗീസ് കുര്യൻ (പാമ്പാടി) എന്നിവർ ദൈവ വചനം ശുശ്രൂഷിക്കും. ജെ.പി. രാജൻ (പാറത്തോട്) ന്റെ നേതൃത്വത്തിൽ ശുശ്രൂഷയും ഉണ്ടായിരിക്കും. ഇതോടനുബന്ധിച്ച് കോട്ടയം സെന്റർ വൈ.എം.ഇ.എഫ്.ന്റെ സഹകരണത്തോടെ ഭവന സന്ദർശനം, ബൈബിൾക്ലാസ്സ്, പരസ്യ യോഗങ്ങൾ എന്നിവയും നടത്തപ്പെടും. ശുശ്രൂഷകളുടെ അനുഗ്രഹത്തിനായി ദൈവജനത്തിന്റെ ശ്രദ്ധയേറിയ പ്രാർത്ഥനയും സഹകരണവും കർത്തൃനാമത്തിൽ അഭ്യർത്ഥിക്കുന്നു.

# പത്താൻകോട്ട് ബ്രദറൺ അസംബ്ലി പ്രവർത്തനങ്ങൾ

**പത്താൻകോട്ട്:** കർത്താവിന്റെ കൃപയാൽ ഇവിടെയുള്ള ബ്രദറൺ അസംബ്ലിയുടെ പ്രവർത്തനങ്ങൾ അനുഗ്രഹമായി നടക്കുന്നു. സെപ്റ്റംബർ 22 മുതൽ 25 വരെ വിശേഷാൽ യോഗങ്ങൾ നടത്തപ്പെട്ടു. ബ്രദർ സിംഗരാജ് വിക്ടർ ദൈവവചനം ശുശ്രൂഷിച്ചു. ഒക്ടോബർ 30–ന് രണ്ടു വിശ്വാസികൾ കർത്താവിനെ ജലത്തിൽ സാക്ഷിക്കുവാൻ ഇടയായി. 2011 ഡിസംബർ 3, 4 തീയതികളിൽ സുവിശേഷ യോഗങ്ങൾ നടത്തുവാൻ താൽപര്യപ്പെടുന്നു. ലുധിയാനയിൽ നിന്നും സഹോ. മധാൻ പോൾ വചനശുശ്രൂഷ നിർവഹിക്കും. ബ്രദർ രാജ്കുമാർ ആസ്സാമിൽ ആറുമാസത്തെ വേദപഠനം കഴിഞ്ഞ് ഈ ആഴ്ചതിരിച്ചു വന്ന്സഭയോടു ചേർന്ന് കർത്തൃ വേലയിൽ ആയിരിക്കും. ബ്രദർ മുകേഷിനെ രണ്ടു വർഷത്തെ വചന പഠനത്തിനുവേണ്ടി പെരുമ്പാവൂർ ബൈബിൾ സ്കൂളിൽ ആയിരിക്കുന്നു. ഇവിടുത്തെ അസംബ്ലിയുടെ ശുശ്രൂഷകളുടെ അനുഗ്രഹത്തിനായി വിശ്വാസികൾ തുടർന്നും പ്രാർത്ഥിപ്പാൻ അപേക്ഷിക്കുന്നു.

# വിലാസമാറ്റം

**അബുദാബി:** ബ്രദറൺ അസംബ്ലി അബുദാബിയുടെ വിലാസം മാറിയിരിക്കുന്നു. ദയവായി പുതിയ വിലാസത്തിൽ മാത്രം കത്തുകൾ അയക്കുക. പുതിയ പോസ്റ്റൽ അഡ്രസ്സ്:

ബ്രദറൺ അസംബ്ലി അബുദാബി, പി.ബി. നമ്പർ: 35868 അബുദാബി, യു.എ.ഇ.

# പ്രാർത്ഥനയ്ക്ക്



**വാഴമുട്ടം:** സുവി. ജോസഫ് ജോൺസൺ നടുവിനു വീഴ്ചയാലും തേയ്മാനം കൊണ്ടും വേദനയാൽ നടക്കാൻ പ്രയാസപ്പെടുന്നു. വലതു ഇടുപ്പും മാറണമെന്ന് ഡോക്ടർമാർ അഭിപ്രായപ്പെടുന്നു. ശസ്ത്രക്രിയ ഇല്ലാതെ ദൈവം അത്ഭുതം പ്രവർത്തിപ്പാൻ ദൈവ ദാസന്മാരുടെയും ദൈവമക്കളുടെയും പ്രാർത്ഥന അഭ്യർത്ഥിക്കുന്നു.

# സുവിശേഷകന്മാരുടെ സമ്മേളനം

**മാട്ടുക്കട്ട:** ഹൈറേഞ്ചിലെ സുവിശേഷകന്മാരുടെ ഇടയിൽ രണ്ട് മാസത്തിൽ ഒരിക്കൽ നടക്കുന്ന കൂടിവരവ് 2011 ഡിസംബർ 3–ാം തീയതി മാട്ടുക്കട്ട ബ്രദറൺ സഭാഹാളിൽ കൂടിവരുന്നതാണ്. എല്ലാ സഹപ്രവർത്തകരും പ്രാർത്ഥനാപൂർവ്വം പങ്കെടുക്കണമേ. കർത്തൃ ശുശ്രൂഷയിൽ, വി.എം. പോൾ, ഫോൺ: 9446224941

REGISTERED
Reg. No. 2893/86/M7
Postal Reg. No. KL / TLA / 89 / 2009 -2011
Licence to post Wpp Licence No. KL / TLA/ WPP- 132/ 09-11
Posted On 14th & 29th every month at RMS Thiruvalla

JEEVA VACHANAM
Fortnightly

“നിന്റെ വചനം എന്റെ കാലിന് ദീപവും എന്റെ പാതയ്ക്ക് പ്രകാശവും ആകുന്നു” (സങ്കീർത്തനം 119:105)

JEEVA VACHANAM
SATHYAM MINISTRIES
THOTTABHAGOM P.O.,
THIRUVALLA-689 541, KERALA(S) INDIA
Tele/Fax 0469-2619209, 2619005, 2619657
Mobile: 9447126182, 9446026182
E-mail: office@truthintl.org
web site: www.truthintl.org
Toll free # 1-800-425-1211

# നൈജീരിയയിൽ ക്രൈസ്തവർക്ക് നേരെ വർഗ്ഗീയവാദികളുടെ ആക്രമണം

**അബൂജ:** നൈജീരിയയിലെ യോബ് പ്രവിശ്യയിൽ ഇസ്ലാമിക തീവ്രവാദികൾ നടത്തിയ ആക്രമണത്തിൽ ആറിലധികം സഭകൾ തകർക്കപ്പെട്ടു. ഇതേ തുടർന്ന് വടക്കൻ നൈജീരിയയിൽ നടന്ന ബോംബാക്രമണത്തിലും വെടിവെയ്പിലും 150ലധികം പേർ കൊല്ലപ്പെടുകയും നൂറോളംപേർ പരുക്കുകളോടെ ആശുപത്രിയിലായിരിക്കുകയും ചെയ്യുന്നു. ക്രൈസ്തവ വിശ്വാസികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിലാണ് ആക്രമണം കൂടുതൽ രൂക്ഷമായത്.

കാർബോംബും, ചാവേർ ആക്രമണവുമാണ് സഭകൾക്ക് നേരെ നടന്നത്. പൈശാചികവും നിന്ദ്യവുമായ പ്രവൃത്തിയാണിതെന്ന് നൈജീരിയൻ പ്രസിഡന്റ് പറഞ്ഞു. നൈജീരിയയിലെ മറ്റൊരു പ്രവിശ്യയായ കടുനയിലെ ഒരു പ്രാർത്ഥന കൂടിവരവിലേക്ക് ഒരു കൂട്ടം തീവ്രവാദികൾ ഇരച്ചുകയറി വെടിവയ്ക്കുക ഉണ്ടായതായി റെഡ്ക്രോസിനെ ഉദ്ധരിച്ച് ഫ്രഞ്ച് ഏജൻസി റിപ്പോർട്ട് ചെയ്യുകയുണ്ടായി. സഭകൾക്കു നേരെയും ഗ്രാമങ്ങളിലും നടന്ന ഈ ആക്രമണത്തെ വിവിധ ലോകനേതാക്കൾ അപലപിക്കുകയുണ്ടായി. ഭീതിയിലായിരിക്കുന്ന വിശ്വാസികളെ ഓർത്ത് ദൈവജനം പ്രാർത്ഥിക്കുവാനപേക്ഷിക്കുന്നു.

# ബർമയിൽ ക്രൈസ്തവ ദേവാലയം ആക്രമിക്കപ്പെട്ടു

**മ്യാൻമാർ:** ബർമയിലെ സൈന്യം ക്രൈസ്തവ ആരാധനാലയങ്ങൾക്കു നേരെ വൻതോതിൽ ആക്രമണം അഴിച്ചുവിട്ടു. കച്ചിൻ പ്രവിശ്യയിലാണ് സംഭവം നടന്നത്. ഒക്ടോബർ 16-ന് ആരാധന നടന്നുകൊണ്ടിരിക്കുന്ന അവസരത്തിലാണ് ആക്രമണം നടത്തിയത്. യാതൊരു മുന്നറിയിപ്പും നൽകാതെയാണ് സൈനികർ ആക്രമണം നടത്തിയത്. പള്ളിയിൽ ഉണ്ടായിരുന്നവരിൽ ഭൂരിഭാഗവും സ്ത്രീകളും പ്രായമുള്ളവരും ആയിരുന്നു. ഭൂരിപക്ഷം കൈസ്തവർ ഉള്ള ഈ പ്രവിശ്യയിൽ സൈന്യം നടത്തിയ ആക്രമണത്തിൽ നിരവധി ഭവനങ്ങളും തകർക്കപ്പെട്ടു. സ്ത്രീകളെ അപമാനിക്കുകയും ഭവനങ്ങൾ കൊള്ളയിടുകയും ചെയ്തു.

ക്രൈസ്തവ സഭാ പാസ്റ്ററെ ഭവനത്തിൽനിന്നും പുറത്താക്കുകയും അവിടെ സൈന്യം താമസിക്കുകയും ചെയ്തു. നിരവധി ഭവനങ്ങളിൽ നിന്നുള്ള സാധനസാമഗ്രികൾ സൈന്യം കവർന്നെടുക്കുകയും പലവിധത്തിലുള്ള പീഡകൾക്ക് വിധേയരാക്കുകയും ചെയ്തു. ഭവനവും സമ്പാദ്യവുമെല്ലാം നഷ്ടപ്പെട്ട് ഭീതിയിൽ കഴിയുന്ന വിശ്വാസികളെ ഓർത്ത് ദൈവജനം പ്രാർത്ഥിക്കുക.

# ഫാമിലി കോൺഫ്രൻസ് സമാപിച്ചു

**ജാൻസി:** ജാൻസിയിലും സമീപജില്ലകളിലുമുള്ള ബ്രദറൺ സഭകളുടെ സംയുക്താഭിമുഖ്യത്തിൽ അസംബ്ലി ഫാമിലി കോൺഫ്രൻസ് ഓക്ടോബർ 14 മുതൽ 16 വരെ നടത്തപ്പെട്ടു. സുവി. ഷാലു റ്റി. നൈനാൻ, സുവി. എഡ്വിൻ പോൾ, സുവി. ജിം മാത്യൂസ്, സുവി. വിക്ടർ എന്നിവർ മുഖ്യ പ്രഭാഷകരായിരുന്നു. ‘നിങ്ങൾ ലോകത്തിന്റെ ഉപ്പാകുന്നു’ എന്നതായിരുന്നു ഈ വർഷത്തെ ചിന്താവിഷയം. നൂറിലധികം വ്യക്തികൾ പങ്കെടുത്ത കോൺഫ്രൻസ് വളരെ അനുഗ്രഹമായിരുന്നു. 12 പേർ കോൺഫ്രൻസിനോടനുബന്ധിച്ച് സ്നാനമേൽക്കുവാൻ ഇടയായി. ഇവിടെയുള്ള പ്രവർത്തനത്തെ ഓർത്ത് ദൈവജനം പ്രാർത്ഥിക്കുക.

# ദിവ്യസന്ദേശം 2011

**തൃശ്ശൂർ:** ദിവ്യസന്ദേശം 2011 സുവിശേഷ മഹായോഗം ഡിസംബർ 1 വ്യാഴം മുതൽ 4 ഞായർ വരെ ദിവസവും വൈകുന്നേരം 6.30ന് ദിവ്യസന്ദേശം നഗർ, നെല്ലിക്കുന്ന് കുറ കനാൽ പാലത്തിന് സമീപം വെച്ച് നടത്തപ്പെടും. ബ്രദർ ബിജു കെ. ആലടി-ഇടുക്കി, ബ്രദർ പി.സി. വർഗ്ഗീസ്-പെരുവ എന്നിവർ പ്രസംഗിക്കും. കൺവൻഷനോടനുബന്ധിച്ച് 4ന് ഉച്ചകഴിഞ്ഞ് 3 മണിക്ക് ബെത്ലെഹേം ചിൽഡ്രൻസ് ക്ലബിന്റെ വാർഷിക സമ്മേളനവും നടത്തപ്പെടും. ബ്രദർ ബിജു കെ. ആലടി മുഖ്യാതിഥി ആയിരിക്കും. സ്പിരിച്ചൽ സിംഗേഴ്സ് ഗാനശുശ്രൂഷ നിർവഹിക്കും.

# മഞ്ചാലുമൂട് ബ്രദറൺ കൺവൻഷൻ

**മഞ്ചാലുമൂട്:** ബെഥേൽ ബ്രദറൺ അസംബ്ലിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന 31-ാമത് കൺവൻഷൻ ഡിസംബർ 26 മുതൽ 28 വരെ മഞ്ചാലുമൂട് ജംഗ്ഷനു സമീപമുള്ള ഗ്രൗണ്ടിൽ വെച്ച് നടത്തപ്പെടും. വൈകുന്നേരം 6 മുതൽ 9 വരെയാണ് കൺവൻഷൻ നടക്കുക. ബ്രദർ ആർ. എസ്. മിശ്ര (റിട്ട. ക്യാപ്റ്റൻ), ബ്രദർ ഡാനി എസക്കിയേൽ, ബ്രദർ സൈമൺ എന്നിവർ വചന ശുശ്രൂഷ നിർവഹിക്കും. മാറാനാഥ ഗോസ്പൽ ടീം (തിരുവനന്തപുരം) ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകും. കൺവൻഷനോടനുബന്ധിച്ച് നടത്തപ്പെടുന്ന സഹോദരിമാരുടെ സമ്മേളനത്തിൽ സിസ്റ്റർ തങ്കമ്മ ജോസഫ് മുഖ്യ സന്ദേശം നൽകും. ഞായറാഴ്ച സംയുക്ത ആരാധനയും സ്നാന ശുശ്രൂഷയും നടത്തപ്പെടും. സുവി. ബാബു പി. ഹെൻറി ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകും.

# ചിൽഡ്രൻസ് ട്രെയിനിംഗ്

**പീരുമേട്:** പീരുമേട് ക്രിസ്ത്യൻ ബ്രദറൺ ചർച്ചിന്റെ ചുമതലയിൽ 2011 ഡിസംബർ 1, 2, 3 തീയതികളിൽ, ചൈൽഡ് ഇവാഞ്ചലിസത്തിനും ബി.ബി.എസിനും നമ്മുടെ സഭകളിലെ സഹോദരീ സഹോദരന്മാരെ പരിശീലിപ്പിക്കുന്നതിനായി ചിൽഡ്രൻസ് ട്രെയിനിംഗ് പ്രോഗ്രാം സംഘടിപ്പിച്ചിരിക്കുന്നു. ഈ ശുശ്രൂഷയ്ക്കായി പ്രാർത്ഥിക്കുകയും പങ്കെടുക്കുകയും ചെയ്യുക.

# എടക്കര ക്രൂസേഡ്

**മലപ്പുറം:** എടക്കര ബ്രദറൺ അസംബ്ലിയുടെ ആഭിമുഖ്യത്തിൽ എടക്കര ക്രൂസേഡ്-2012 ജനുവരി 5, 6, 7, 8 (വ്യാഴം, വെള്ളി, ശനി, ഞായർ) തീയതികളിൽ എടക്കര ജംഗ്ഷനു സമീപം നടത്തപ്പെടും. സുവി. പി.ജി. ജെയിംസ് (തണ്ണിത്തോട്), സുവി. ജോസ് മാങ്കുടി (പുൽപ്പള്ളി) എന്നിവർ പ്രസംഗിക്കും. സ്പിരിച്ചൽ മെലഡി, കോട്ടയം സംഗീതശുശ്രൂഷ നിർവ്വഹിക്കും.

പ്രസ്തുത യോഗങ്ങളുടെ അനുഗ്രഹത്തിനായി ദൈവജനം പ്രാർത്ഥിക്കുകയും കടന്നു വന്ന സംബന്ധിക്കുകയും ചെയ്യണമെന്ന് ദൈവനാമത്തിൽ അപേക്ഷിഷിക്കുന്നു. സഹോ. എ.റ്റി. മാത്യു സഹോ. വി.കെ. കുര്യൻ എന്നിവർ നേതൃത്വം നൽകും.

# സത്യവേദപുസ്തകം കൈയ്യിലേന്തി സത്യപ്രതിജ്ഞ



“സിംഗപ്പൂരിൽ കഴിഞ്ഞ ഇടക്ക് നടന്ന പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ “Mr. TONY TAN” എന്ന വിശ്വാസിയാണ് വിജയിച്ചത്. വിശുദ്ധ വേദപുസ്തകത്തെ കയ്യിലെടുത്തുകൊണ്ടാണ് അദ്ദേഹം സത്യപ്രതിജ്ഞ നടത്തിയത്. ദൈവമക്കളായ്ത്തീർന്നവർ ഭരണത്തിൽ വന്നതുകൊണ്ട് നമുക്ക് ദൈവത്തെ സ്തുതിക്കാം”

# ഗോസ്പൽ മ്യൂസിക് ഫെസ്റ്റ്

**കോട്ടയം:** പാമ്പാടിയിലും പരിസരങ്ങളിലുമുള്ള ബ്രദറൺ സഭകളുടെ സംയുക്താഭിമുഖ്യത്തിൽ ‘ഗോസ്പൽ മ്യൂസിക് ഫെസ്റ്റ്’ എന്ന പേരിൽ സുവിശേഷ സമ്മേളനം 2012 ജനുവരി 11 മുതൽ 15 വരെ (ബുധൻ - ഞായർ) വൈകുന്നേരം 6.30 മുതൽ 9 വരെ പാമ്പാടി പഞ്ചായത്തു സ്റ്റേഡിയത്തിൽ വച്ചു നടത്തപ്പെടും. സുവിശേഷകന്മാരായ ജോസ് മാങ്കുടി, പി.ജി. ജെയിംസ്, വർഗീസ് കെ. കുര്യൻ, ജോൺ കുര്യൻ, ചാണ്ടപ്പിള്ള ഫിലിപ്പ് എന്നിവർ ദൈവവചനം ശുശ്രൂഷിക്കും. മാത്യു ജോൺ, ജെ.പി. രാജൻ, കുട്ടിയച്ചൻ, ബാബു ഓടനാവട്ടം, ഫിലിപ്പ് കെ. ആൻഡ്രൂസ്, ജയിംസ് തോട്ടപ്പള്ളി, ബെൻസി ആൻ വർഗ്ഗീസ്, റിബേക്കാ രാജൻ എന്നിവർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകും. സഹോ. വർഗീസ് കെ. കുര്യൻ, കൺവീനർ ആയി പ്രവർത്തിക്കുന്നു. ദൈവജനത്തിന്റെ പ്രാർത്ഥന അഭ്യർത്ഥിക്കുന്നു.

# എസ്.ബി.എസ്. പ്രാർത്ഥനായോഗം

**പുത്തൻകാവ്:** സുവിശേഷകൻ ബാലസംഘം ജനറൽ കമ്മിറ്റിയുടെ ചുമതലയിൽ മാസംതോറും നടന്നുവരുന്ന പ്രാർത്ഥനായോഗം നവംബർ 325 വെള്ളി 6 p.m. ന് റാന്നി കണ്ടംപേരൂർ കപ്പമാമൂട്ടിൽ Bro. K.M. Johnson-ന്റെ ഭവനത്തിൽ വെച്ച് നടക്കുന്നതാണ്. ഈ പ്രാർത്ഥനായോഗത്തിലേക്ക് എല്ലാ S.B.S. പ്രാർത്ഥനാസഹകാരികളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. S.B.S. ജനറൽ കമ്മിറ്റിക്കു വേണ്ടി, Evg. C.M. ചാക്കോ, പ്രയർ കോ-ഓർഡിനേറ്റർ. കൂടുതൽ വിവരങ്ങൾക്ക്: Mobile: 9447363991

TRUTH alive
Sathyam Publications Brings
Alive A Family Magzine
For more details please contact:
Sathyam Publications, Thottabhagom P.O.,
Thiruvalla, Kerala, India,
Ph: Tel: 0469 2619209, 2619005,
Mob: 9447126182, 9446026182.

Printed, Published and Owned by C.V. Vadavana, Sathyam Publications, Tiruvalla, Printed at Sathyam Press. Published at Sathyam Publications, Tiruvalla. Editor: C.V. Vadavana.